കഥാബീജം കിട്ടിക്കഴിഞ്ഞാൽ കഥാരൂപണമാണ് ശരിയായി നോക്കേണ്ടതു്. പ്രധാന സംഗതികൾ എടുത്തു് ശരിയായി വിശദീകരിക്കണം. അപ്രധാന സംഗതികൾക്കു് പ്രാധാന്യംനൽകാതെ നിവൃത്തിയുള്ളപക്ഷം അവ കൂടാതെ കഴിക്കണം. അതിലാണ് ഒരു കഥാകാരന്റെ മഹത്വം സ്ഥിതിചെയ്യുന്നതു്. കഥ പരമകോടിയിൽ എത്തുന്ന ഒരു ഘട്ടം ഓരോ ചെറുകഥയിലുമുണ്ട്. അതിനെയാണ് നാം 'മൂർദ്ധന്യം' എന്നു പറയുന്നതു്. ഒരു ചെറുകഥയിലെ ഘടകങ്ങളെല്ലാം മൂർദ്ധന്യത്തെ അവലംബിച്ചു വ്യാപരിയ്ക്കണം. കഥാമൂർദ്ധന്യത്തിനു് ഒരു പാരമ്യം ഉണ്ടാകണമെങ്കിൽ, അതിന്റെ മുമ്പും പിമ്പും ഉള്ള സംഭവങ്ങൾക്കു് അതിപ്രാധാന്യം നല്കരുതു്.

ഒരു ചെറുകഥയ്ക്കു മൂന്നു കാര്യങ്ങളിൽ ഐക്യം ആവശ്യമാണ്. കാലം, ദേശം, സംഭവം. ഇതിൽ ഒടുവിൽ പറഞ്ഞ രണ്ടും വളരെ പ്രധാനങ്ങളാണ്. കാലൈക്യം പല ചെറുകഥാകാരന്മാരും ഉപേക്ഷിക്കാറുണ്ട്. മറ്റതു് രണ്ടും അവശ്യഘടകങ്ങൾതന്നെയാണ്.

ചില കാഥികന്മാർക്കു് കാലഗതി വളരെ ഭയമാണ്. അതിനെ കണ്ടുപിടിച്ചിരിക്കുന്ന സൂത്രം ഗുണനചിഹ്നങ്ങൾ ഇട്ടിട്ടു്—"വർഷങ്ങൾ മൂന്നു കഴിഞ്ഞു—" എന്നിങ്ങനെയുള്ള വിവരണമാണ്. വർഷങ്ങൾ പത്തോ, പതിനഞ്ചോ കഴിഞ്ഞുകൊള്ളട്ടെ. കാഥികൻ അതറിയേണ്ട ആവശ്യം ഇല്ല. ടാഗോർകഥകളിൽ മിക്കവാറും ഇപ്രകാരമുള്ള 'ഹർലോങ്ങു കുറികൾ' പ്രതിഷ്ഠിച്ചിട്ടുള്ളതായി കാണുകയില്ല. അതില്ലാതെ എഴുതുകയാണത്തമം. അതു് നിയമവിരുദ്ധമാണ്.

അഞ്ചു സമ്പ്രദായത്തിലുള്ള ചെറുകഥകൾ നമുക്കു കാണുവാൻ സാധിക്കും. അതിൽ പ്രധാനമായിട്ടുള്ളതു് കാഥികൻതന്നെ വായനക്കാരോടു നേരിട്ടു പറയുന്ന സമ്പ്രദായമാണ്. ഇങ്ങനെ വരുമ്പോൾ കഥാകാരൻ സർവ്വജ്ഞനാണെന്നു ലേശംപോലും കഥയിൽ സ്പഷ്ടമാകരുതു്.

രണ്ടാമത്തേതിൽ ഒരു കഥാപാത്രം ആണ് കഥനം തുടങ്ങുന്നതു്. ടാഗോറിന്റെ ചില കഥകൾ ഈ രീതിയിൽ ആഖ്യാനം ചെയ്യപ്പെട്ടിരിക്കുന്നു. മേൽപറഞ്ഞ രണ്ടു രീതികളാണ് വളരെ പ്രധാനമായി എല്ലാവരും സ്വീകരിച്ചിട്ടുള്ളതു്.

മൂന്നാമത്തെസൂത്രം, എഴുത്തുകളുടെരൂപത്തിൽ കഥ സൃഷ്ടിക്കുന്നതാണ്. ഒരാൾ തന്റെ സ്നേഹിതനു് എഴുതുന്ന എഴുത്തുകളുടെ സമാഹാരമായിരിയ്ക്കും ചെറുകഥ. ഈ സമ്പ്രദായം അസുലഭമായി മാത്രമേ നമുക്കു കാണുവാൻ സാധിക്കയുള്ളു.

പിന്നെയുള്ളതു് ഡയറിക്കുറിപ്പുകളിൽനിന്നു ചില വിവരങ്ങൾ എടുക്കുന്ന രീതിയാണ്.

ജീവിതയാഥാർത്ഥ്യങ്ങളെ പ്രതിഫലിപ്പിക്കുന്ന ചെറുകഥകൾക്കാണ് ഇന്ന് സ്ഥാനം കൂടുതൽ. ലോകസാധാരണത്വമാണ് കഥയുടെ മേന്മയ്ക്കു ഹേതു. സംഭാഷണം ഒരിക്കലും കഥാഗതിക്കു പ്രതിബന്ധമായിരിക്കരുതു്, മറിച്ചു കഥാഗതിയ്ക്കു സഹായമായിരിയ്ക്കണം. ടാഗോർ സാധാരണയായി ചെയ്തിട്ടുള്ളതു്, കഥ മൂർദ്ധന്യത്തിൽ എത്തിയാൽ പിന്നെ കൂടുതലായി വിവരിക്കാതിരിക്കുകയാണു്. പിന്നീടു കഥാപാത്രങ്ങൾക്ക് എന്തു സംഭവിച്ചു എന്നൊന്നും വെളിപ്പെടുത്തിക്കാണിക്കുകയില്ല. അതിന്റെ ആവശ്യവും ഇല്ലല്ലോ. ചിലർ സംഭാഷണം കൊണ്ടുതന്നെ ചെറുകഥ പൂർണ്ണമാക്കാറുണ്ടു്. എന്തെല്ലാം സംഭാഷണം ചുരുക്കാമോ അത്രയും ചുരുക്കണം. സംഭാഷണം അറിയുവാൻ വായനക്കാരനു് ഇഷ്ടമില്ലെന്നു വന്നേക്കും.

ചെറുകഥയിൽ, ചിലർ ചില വാചകങ്ങൾ ചേർത്തു 'തലക്കെട്ടു്' ഇടാറുണ്ടു്. എന്തെല്ലാം യോജിച്ചു ചെറിയ വാക്കുവേണം തലക്കെട്ടായിട്ടുവാൻ.

ഈ പ്രാഥമിക നിയമങ്ങൾ അനുസരിച്ചു് എഴുതുന്നതായാൽ മലയാളത്തിലെ ചെറുകഥകൾക്കു കണിശമായും മേന്മകിട്ടുവാൻ സാധിക്കും.

ഐക്യകേരളം

V. P. THOMAS, I. U. C.

കേരളരെ, കേരളരെ,
നിദ്രവെടിഞ്ഞൊന്നെഴുന്നേല്പിൻ
ഭേദംനാട്ടിനുച്ചേർത്തീടാൻ
ഭിന്നതയഖിലം തീർക്കാനായ്–
ഉന്നതിമേന്മേൽ ചേർക്കാനായ്!

കേരളരെ, കേരളരെ,
പട്ടിണി പാടേ പൊലിയട്ടെ,
കഷ്കലക്ഷം പുലരട്ടെ
അടിമത്തം പോയ്തകരട്ടെ.
കേരളമൊന്നായുയരട്ടെ!

കേരളരെ, കേരളരെ,
മാടമഹീശ്വരഭാരതുണൻ
കേരളമാകവെയൊന്നാക്കാൻ
ധീരതയോടുരചെയ്തൊരു നൽ
തീരുമനമുക്കൊരു തീർത്തരം.

കേരളരെ, കേരളരെ,
സ്വാതന്ത്ര്യക്കൊടി ഉയരട്ടെ
സമ്രാട്പരിഷ ഞെട്ടുങ്ങട്ടെ
ഭാരതമൈക്യം പൂകട്ടെ
കേരളമൊന്നായ്ത്തീരട്ടെ!

കേരളരെ, കേരളരെ,
നിർയർ ചിലചിലമന്നടയോ–
രിട്ടിനമടിയിടിവെടിയാലെ
മർത്തനമോടു ഭരിക്കുന്ന
ദുർദ്ദിനമടവേനീങ്ങാറായ്.

കേരളരെ, കേരളരെ,
മർത്തനശക്തികളമരട്ടെ,
ഹൃദ്ഗുണശാലികൾ വാഴട്ടെ
മലകളിലലകളിലെന്നാടും
മലയാളക്കൊടി പാറട്ടെ!

പുരോഗമനസാഹിത്യം

K. A. VARKEY, IV B. Com.

ജീവിതത്തെ അതേപടി പകർത്തുക എന്ന 'ജീവൽസാഹിത്യ'സിദ്ധാന്തത്തിന്റെ പരിണതരൂപമാണ് പുരോഗമനസാഹിത്യം. രാഷ്ട്രനിർമ്മാണകർത്തവ്യങ്ങളായ പല പരിവർത്തനങ്ങൾക്കും ചരടുപിടിച്ചിട്ടുള്ള ഈ പ്രസ്ഥാനം മലയാളഭാഷയിൽ മാത്രം "കല കലയ്ക്കുവേണ്ടി" എന്ന ആത്മവാദത്തിൽ അള്ളിപ്പിടിക്കുന്ന ചില നിരൂപകകേസരികളാൽ പട്ടിണി സാഹിത്യമെന്നും സാഹിത്യവ്യവസായീകരണം എന്നും മറ്റും അപലപിക്കപ്പെട്ടവരുന്നു. മലയാളത്തിൽ ഇനിയും പൂർണ്ണരൂപം പ്രാപിക്കാതെ കേവലം ശിശുതയിൽ കഴിയുന്ന പുരോഗമനസാഹിത്യം ഒട്ടൊക്കെ ഈ ആക്ഷേപങ്ങൾക്കു വകനൽകുന്നുമുണ്ട്.

മുതലാളിത്തത്തിന്റെ ചെയ്തികളെ തെറിപ്പിക്കുകയോ, തൊഴിലാളിയുടെ ചെയ്തികൊടി പറപ്പിക്കുകയോ ചെയ്യുന്നതല്ല പുരോഗമനമെന്നും, മലീമസമായ യാഥാർത്ഥ്യങ്ങളെ നിർലജ്ജം തിരശീലനീക്കി കാണിക്കുന്നതല്ല പുരോഗമനസാഹിത്യമെന്നും, നമ്മുടെ യുവസാഹിത്യകാരന്മാർ ധരിക്കുകയായിരിക്കും ഈ ആക്ഷേപത്തിനു ശരിയായ സമാധാനം. കവിത പുരോഗമനത്തിന്റെ പേരിൽ ഉടനീളം മുദ്രാവാക്യങ്ങളും വാരി വിതറുന്നതല്ലെങ്കിൽ ഇക്കൂട്ടർക്കു സമാധാനമാവുകയില്ല. പരിഷ്കാരഭ്രമംമൂലം നിഷിദ്ധതത്വങ്ങളിൽ കഥയില്ലാതുള്ള ആവേശംകൊള്ളൽ പുരോഗമനസാഹിത്യത്തിനു കമ്മ്യൂണിസത്തിന്റെ നേരെ ചൂണ്ടുപലക നീട്ടിക്കഴിഞ്ഞു.

കമ്മ്യൂണിസത്തിലേയ്ക്കു മനുഷ്യനെ മാടിവിളിക്കുന്ന ഉച്ചനീചത്വങ്ങൾ, സമുദായ വ്യവസ്ഥിതിയിൽ സാവ്തികമായികാണുന്ന പൊരുത്തക്കേട്, ലോകാരംഭം മുതൽ മഹാമതികളുടെ മേധാശക്തികളെ മഥനംചെയ്തുകൊണ്ടാണിരുന്നിട്ടുള്ളതു്. ഒരുഭാഗത്തു മണിമേട, മറുഭാഗത്തു ചെറ്റക്കുടിൽ. ഒരുഭാഗത്തു സമൃദ്ധി, മറുഭാഗത്തുദാരിദ്ര്യം. വിഷാദകരമായ ഈ സമുദായനീതി, ഹൃദയാലുക്കളെ കരയിച്ചിട്ടുണ്ട്. രാജകിരീടം വലിച്ചെറിഞ്ഞു് ചെങ്കോൽ വഹിക്കേണ്ട കൈകളിൽ പിച്ചപ്പാളയുമായി ഇറങ്ങിത്തിരിക്കുവാൻ ശ്രീബുദ്ധനെ പ്രേരിപ്പിച്ചതും, പത്തുതൊഴത്തിൽകൂടി ശാന്തിയുടെയും സാഹോദര്യത്തിന്റെയും ദിവ്യസുവിശേഷവുമായി മുക്കുവക്കുടിലുകളിലേയ്ക്കു ക്രിസ്തുവിനെ അയയിച്ചതും ഈ വിഷമാവസ്ഥയായിരുന്നു.

ഇതിനു പ്രതിവിധിയായി ഉന്നയിക്കപ്പെടാവുള്ളതും, ഇതിലും ഭയാനകമായ ഘോരനീതികളെ സ്വായീകരിക്കുവാൻ വെമ്പൽകൊള്ളുന്നതുമായ കമ്മ്യൂണിസം സോഷ്യലിസം മുതലായ പ്രസ്ഥാനവിശേഷങ്ങളെ ചെറുത്തുനിന്നു ക്രിസ്തുവും ബുദ്ധനും വെട്ടിത്തെളിച്ച രാജപാതയിൽകൂടി അനുവാചകന്റെ ചിന്താഗതിയെ തിരിച്ചുവിടുകയാണ്, യഥാർത്ഥത്തിലുള്ള പുരോഗമനസാഹിത്യം ചെയ്യേണ്ടതു്. സാഹിത്യത്തിന്റെ സമർത്ഥമായ ഉൽബോധനം, ഓരോരുത്തനും തന്നിൽ താഴെയുള്ളവരെ സ്വതന്ത്രം നിലയിലേയ്ക്കുയർത്തുന്നതിനുള്ള അഭിവാഞ്ഛയാൽ ഉത്തേജിതരാകുന്നതിനു സഹായിക്കുകയും, അങ്ങനെ അത്യുത്പാദകമായ പരിവർത്തനങ്ങൾക്കു് ആർഭാടരഹിതമായി വഴിതെളിക്കുകയും ചെയ്യും.

സാമ്പത്തികമായ അസമത്വം, മുഴച്ചുനിൽക്കുന്ന ഒരു കീറാമുട്ടിയായിരിക്കുന്നതുപോലെ, അതിലും ഒട്ടും അപ്രധാനമല്ലാത്ത വിവിധ തുറകളിൽ കലാകാരന്റെ തൂലിക അമർഷപതിയേണ്ടതായിട്ടുണ്ട്. സമുദായത്തിന്റെ പരിപൂർണ്ണതയെ ഉന്നംവച്ചുകൊണ്ടുള്ള അപകൃമായ പരിശ്രമം ഔൽകൃഷ്ട്യത്തിലേയ്ക്കുന്നതിനേക്കാൾ കിരാതത്വത്തിലേയ്ക്കാണ് ജനസാമാന്യത്തെ നയിക്കുക. ഉദാഹരണത്തിനു യാഥാർത്ഥ്യപ്രതിപാദനനൈപുണ്യത്താൽ ചിലതികഞ്ഞ പു. സ. ക്കാർ എഴുതിത്തള്ളുന്ന ചെറുകഥകൾ വായിച്ചാൽമതി. പ്രണയത്തെ വിട്ട പടനം പന്തലിക്കുവാൻ മലയാളത്തിലെ ചെറുകഥകൾ ഇനിയും വളന്നിട്ടില്ലെന്നു മാത്രമല്ല, അതിനുപരിയായി മനുഷ്യരാശിക്കുണ്ടായിട്ടുള്ള പുരോഗമനമെന്തെന്നു് അറിയുന്നുമില്ല.

ഇനിയും ഒരു കൂട്ടർക്കു് ജീവിതം പരുപരുത്ത, വേദനിപ്പിക്കുന്ന, യാഥാർത്ഥ്യങ്ങളുടെ ഒരു സമാഹാരം മാത്രമാണ്. അവരുടെ കാവ്യങ്ങളും കവിതയും, പട്ടിണിയും രോഗവുംകൊണ്ടുനിറഞ്ഞിരിക്കും. ആ പട്ടിണിയിലും രോഗത്തിലും മനശ്ശാസ്ത്രവിചക്ഷണനായ യുവകവി ശൃംഗാരത്തെ മറന്നുകളകയില്ല. "സമയം നല്ല അർദ്ധരാത്രി, മരവിപ്പിക്കുന്ന തണുത്തകാറ്റ് ഊളയിട്ടടിച്ചു" എന്നു തുടങ്ങുന്ന ചെറുകഥ, ഒരു പിച്ചക്കാരിയെ അവതരിപ്പിക്കുന്ന ആദ്യമായി. മഴ സഹിക്കവയ്യാതെ ഈറനോടുകൂടി അവളൊരു പീടികത്തിണ്ണയിൽ കയറുന്നതും, അവിടെ നനയാതിനിയും ശേഷിച്ചിരു

ന്ന "ഇറവ്" സ്ഥലത്ത്, ഒരു പിച്ചക്കാരൻ മുരുണ്ടു കിടക്കുന്നതും വണ്ണിച്ചിട്ട കവിയുടെ കുമ്മഞ്ഞി "അവരും മനുഷ്യരാണ്", അവർക്കും മാംസരക്തങ്ങളും തജ്ജന്യങ്ങളായ വികാരങ്ങളുമുണ്ട്," എന്നിങ്ങനെ പാവങ്ങളുടെ തിരഞ്ഞെടുക്കപ്പെടാത്ത പ്രതിനിധിയായി ചില വാദമുഖങ്ങൾ ഉന്നയിക്കുവാൻ തുടങ്ങും. സാഹിത്യം നന്നാകണമെങ്കിൽ, ഉൽകൃഷ്ടമാകണമെങ്കിൽ, ഇതര സുകുമാരകലകൾക്ക് മാറാകുട്ടുന്ന മാനദണ്ഡങ്ങൾ അതിലും പരിപാലിക്കപ്പെടണം. മനോഹരമായ ഒരു ചിത്രം നമ്മിൽ ആനന്ദവും, "മെയ്തന്നിലെല്ലും തോലും മാത്രമായ് ചുരുക്കത്തിൽ പ്രേതതുല്യ" മായ ഒരു ചിത്രം നമ്മിൽ ആർദ്രതയും അണമാത്രമായ ഭയവും ജനിപ്പിക്കുന്നു. എന്നാൽ യാഥാർത്ഥ്യങ്ങളെ ഈഷൽഭേദമെന്യേ അതേപടി പകർത്തണമെന്നു ശഠിച്ച്, പ്രസ്തുത ചിത്രങ്ങളെ അവയുടെ ആടയാഭരണങ്ങളഴിച്ചുനീക്കി ആദാമിന്റെ ഭാഷയിൽ പ്രകടിപ്പിക്കുമ്പോൾ മാന്യതനാണിച്ച് കണ്ണടയ്ക്കാതിരിക്കയില്ല. വായനക്കാരെ ജഡികചിന്തയിലേയ്ക്കുകൊണ്ടുതള്ളുന്ന പ്രകൃതി നിയമത്താൽതന്നെ ഭദ്രമായിരിക്കേണ്ട ചില തിരശീലകളെ വലിച്ചു നീക്കുവാൻ ബദ്ധപ്പെടാതിരുന്നാൽ നന്ന്. പുരോഗമനത്തിന്റെ പേരിൽ ജീവിതത്തെ വിഷാദാത്മകമായിമാത്രം ചിത്രീകരിക്കുന്ന കവികൾ,

"പ്രപഞ്ചമേ നീ പല ദുഃഖജാലം
നിറഞ്ഞതാണെങ്കിലുമിത്രമാത്രം
ചേതോഹരക്കാഴ്ചകൾ നിന്നിലുള്ള
നേരത്തു നിൻപേരിലെവൻ വെറുക്കും"

എന്ന മഹാകവിയുടെ ആശ്വാസനെടുവീർപ്പിൽ സമാധാനം കാണേണ്ടതാണ്.

അതാതുകാലത്തെ നീതിബോധനിലകളുടെയും സമുദായമര്യാദകളുടെയും നിലക്കണ്ണാടിയായിനിലനിന്നുപോന്നിട്ടുള്ള സാഹിത്യം, ജീവിതത്തിന്റെ വിവിധവശങ്ങളെ ആവിഷ്കരിക്കുന്നതിന് ഒരിക്കലും മടികാണിച്ചിട്ടില്ല. രാഷ്ട്രീയവും, സാമുദായികവും, സാമ്പത്തികവുമായ വിവിധ നിലകളിൽ ജനസാമാന്യത്തിനു കൈവരേണ്ട അഭിവൃദ്ധിയെ, പുരോഗമനത്തെ, ഉന്നംവച്ചുകൊണ്ട് കലാകാരൻ തന്റെ സമുജ്ജ്വലമായ തൂലികയെ വ്യാപരിപ്പിക്കുമ്പോൾ വായനക്കാരുടെ ഹൃദയങ്ങളിൽ പുരോഗമനത്തിന്റെ കോളിളക്കം ഉണ്ടാകാതിരിക്കുകയില്ല. കലാകാരന്റെ തൂലിക സൈന്യനാഥന്റെ ഖഡ്ഗത്തെക്കാൾ സമർത്ഥമാണെന്ന് ലോകചരിത്രം തെളിയിക്കുന്നു. ആനന്ദദായകമായ കലാവ്യാപാരത്തിൽകൂടി സമുദായോന്നമനമഹായജ്ഞം നിർവ്വഹിക്കുന്നവനാണ് മഹാകവി. ഹൃദയംകൊണ്ടു ഹൃദയത്തോടു ചെയ്യുന്ന സല്ലാപമാണ്, അദ്ദേഹത്തിന്റെ കാവ്യതല്ലജങ്ങൾ.

സാഹിത്യം സൗന്ദര്യപ്രതിപാദകമാണെന്നും, ആദർശസമ്പൂർണ്ണമാണെന്നും, ചില വാദകോലാഹലങ്ങൾ പുരോഗമനസാഹിത്യത്തിനെതിരായി പുറപ്പെടുവിക്കാറുണ്ട്. സാഹിത്യം ഇതിൽ ഏതെങ്കിലുമൊന്നല്ലെന്നു ഒരിക്കലും പറഞ്ഞിട്ടില്ലെന്ന് ഏതു നീതിന്യായക്കോടതി മുമ്പാകെയും മൊഴികൊടുക്കുവാൻ പുരോഗമന സാഹിത്യത്തിനു കഴിയും. ഇവയെല്ലാമായിരിക്കുന്നതുപോലെതന്നെ, ജനസാമാന്യത്തിന്റെ സഹജങ്ങളായ പ്രശ്നങ്ങളെ നമീചീനമായി ആവിഷ്കരിക്കുന്നതുകൂടിയായിരിക്കണം സാഹിത്യമെന്നേ, പുരോഗമനസാഹിത്യം അനുശാസിക്കുന്നുള്ളൂ.

മനുഷ്യന്റെ തീവ്രവികാരങ്ങൾക്കു തീകൊളുത്തുന്നതിനു സാഹിത്യത്തിനുള്ള അത്ഭുതാവഹമായ കഴിവിലാണ് പുരോഗമനസാഹിത്യം വേരുന്നിനിൽക്കുന്നതു്. വന്ദേമാതരഗാനത്തിൽ തുളുമ്പിത്തുളുമ്പുന്ന ദേശാഭിമാനം, ഭാരതഭൂമിയിലെ ഓരോ ഗ്രാമങ്ങളിലുംചെന്ന് അലതല്ലുകയും, ആലസ്യത്തിൽ ആണ്ടുകിടക്കുന്ന ഗ്രാമീണരെ സ്വാതന്ത്ര്യത്തിന്റെ സമരഭൂമിയിലേയ്ക്കിറക്കിവിടുകയും ചെയ്യുന്ന അനുഭവചിത്രം കണ്ടുകൊണ്ടിരിക്കുന്നവരാണു നമുക്കു, സാഹിത്യത്തിന്റെ അത്ഭുതാവഹമായ കഴിവുകളെ അവഗണിക്കുക സാദ്ധ്യമല്ലതന്നെ. ഇതരഭാഷകളിൽ വിജയഭേരി മുഴക്കുന്ന പുരോഗമനസാഹിത്യം മലയാളത്തിൽമാത്രം പരാജയമടയുക അസംഭാവ്യമാണ്. സമർത്ഥരായ കലാകാരന്മാർ പഴയ സങ്കേതങ്ങളിൽനിന്നു വിമുക്തരാകട്ടെ, അപ്പോൾ കാണാം പുരോഗമനസാഹിത്യത്തിന്റെ പൊൻപുലരി. സാഹിത്യത്തിന്റെ ചേതോഹാരിതയിൽകൂടി മാത്രമേ സഹനസമരത്തിന്റെ നെടിയ മുള്ളുകളിൽ ചവിട്ടിക്കയറുവാൻ സാധ്യമാവുകയുള്ളൂ. സ്വാതന്ത്ര്യത്തിനു സമരഭൂമി സജ്ജമാക്കുവാൻ, വിച്ഛിന്നമായിക്കിടക്കുന്ന കേരളത്തെ ഏകീകരിക്കുവാൻ, മലയാളികളുടെ ജീവിതരീതികളെയും ജയപരാജയങ്ങളെയും നിയന്ത്രിക്കുകയും നിർമ്മലമാക്കുകയും നിലനിറുത്തുകയും ചെയ്യുന്ന ഭാഷാസാഹിത്യത്തിനു മാത്രമേ കഴിയുകയുള്ളൂ. ഇതിനു സമർത്ഥവും ഈ ഉദ്ദേശ്യങ്ങൾക്കായി നിലകൊള്ളുന്നതുമായ സാഹിത്യമാണു പുരോഗമനസാഹിത്യം.

സാഹിത്യവും സന്മാർഗ്ഗവും

J. A. Avirah, III B. Com.

ലോകഗതിയനുസരിച്ചുള്ള ജീവിതവൃതിയാനത്തിൽ കലയ്ക്കു സമുന്നതമായ ഒരുസ്ഥാനം ലഭിച്ചു കഴിഞ്ഞിട്ടുണ്ട്. സാഹിത്യത്തിൽ സന്മാർഗ്ഗത്തിനു സ്ഥാനമുണ്ടോ എന്നുള്ള പ്രശ്നം ആവിർഭവിച്ചിട്ടും, തക്കവിഷയമായിട്ടും, നാളുകൾ നിരവധിയായി. ശബ്ദാർത്ഥപ്രയോഗകൃത്യമായ സാഹിത്യം അതിന്റെ യഥാർത്ഥ രൂപത്തിൽ എന്താണെന്നു നിശ്ചയിച്ചിട്ടുവേണം ആ പ്രശ്നത്തിനു സമാധാനം കണ്ടെത്തുവാൻ.

നിരൂപണബുദ്ധിയോടേ അല്ലെങ്കിലും, പല പണ്ഡിതന്മാരും സാഹിത്യത്തെ വിഭിന്ന രൂപത്തിൽ നിർവചിച്ചിട്ടുണ്ട്. കവിതയും സാഹിത്യവും ഒന്നാണെന്നും, അതല്ല, രണ്ടാണെന്നും ഉള്ള അഭിപ്രായഭേദം ഇവിടെ പരിഗണിക്കുന്നില്ല. "ഭാവനയുടെ പ്രതിഫലനം കവിത" എന്നു ഷെല്ലിയും, "മനുഷ്യജീവിതത്തിൽ പ്രാപഞ്ചിക സംഗീതം മാറെറാലിക്കൊള്ളുന്നതാണ് കവിത" എന്നു സർ രാധാകൃഷ്ണനും നിർവചനം ചെയ്തിട്ടുണ്ട്. "ജീവിതവിമർശനമാണ് കവിത" എന്നു പറയുന്ന മാത്യു അർനോൾഡും മൻപ്രസ്താവിച്ച നിർവചനങ്ങളോട് ഏതാണ്ട് യോജിക്കുന്നുണ്ടല്ലൊ.

'ചിന്താസാമ്രാജ്യത്തിൽ പ്രാമാണികനായ' കവി സമുദായജീവിതചിത്രത്തിനു് ആകർഷകമായ ചില നിറപ്പകിട്ടുകൾ കൊടുക്കുന്നു. വികാരോദ്ദീപകങ്ങളായ വിവിധ വിചാരങ്ങൾ കവിയുടെ സുന്ദരമായ ഭാവനയിൽ ഉടലെടുത്തു, കോമളമായ അക്ഷരബന്ധത്തിൽ സ്പുഷ്ടമായി വിന്യസിക്കപ്പെടുന്നു. ഡാക്ടർ ജോൺസൺ പറയുന്നതുപോലെ "യുക്തിയുടെയും ഭാവനയുടെയും ചൈതന്യത്തെ ഉപാധിയാക്കിക്കൊണ്ടുള്ള സൗന്ദര്യസൃഷ്ടിയാണ്" കവിത. ജീവിതപ്രതിബിംബിതമായ വികാരങ്ങൾ, ചമത്കാരഭാവത്തിൽ, ഭാവനയുടെ ശില്പവേലകൊണ്ടു സുഭഗമായിത്തീർന്നശേഷം മധുരമായ ഭാഷയിൽകൂടി പുറത്തുവരുമ്പോൾ അതു സാഹിത്യമായിത്തീരുന്നു. ലോകസംഭവങ്ങൾ കവിഹൃദയത്തിൽ ഭാവനയുല്പാദിപ്പിച്ചു്, അർത്ഥപുഷ്ടമായ വാക്യരൂപം പൂണ്ടു്, സുകുമാരങ്ങളായ ആശയങ്ങളായി ബഹിർഗ്ഗമിക്കുന്നതിനുദാഹരണമായി,

"ആഹാ! രചിച്ചു ചെറുപൂതകളാത്മനിന്റെ
ദേഹത്തിനേകി ചരമാവരണം ധവളം.
സ്നേഹാർദ്രയായുടനുഷസ്സുമണിഞ്ഞുനിന്മേൽ
നീഹാരശീകര മനോഹര മന്ദഹാരം".

എന്നിങ്ങനെ പ്രഭാതത്തിൽ വീണുകിടക്കുന്ന പൂവിന്റെ മുകളിൽ ചിലന്തിവല കെട്ടിയിട്ടുള്ളതും, അതിൽ മഞ്ഞിൻതുള്ളികൾ വീണിരിക്കുന്നതും, കവി വർണ്ണിച്ചിട്ടുള്ളതു നോക്കുക. വികാരതരളിതമായ ആശാന്റെ മനോധർമ്മത്തിൽ ഈ വസ്തുത ഉത്കൃഷ്ടമായ ജീവിതംനയിച്ച ഒരാളിന്റെ മൃതദേഹം വഴിപ്പക്കിടാൻ പട്ടിൽ പൊതിഞ്ഞിരിക്കുന്നതായി, പ്രത്യക്ഷപ്പെടുന്നു. പ്രതിഭാവിലാസം പൂണ്ട പ്രസ്തുത ഭാഗം സഹൃദയനിൽ കരുണരസം അങ്കുരിപ്പിക്കുവാൻ പ്രേരകമായിത്തീരുന്നു.

ഇങ്ങനെ സാഹിത്യത്തിൽ രസം ഒരു പ്രധാനഘടകമെന്നു നാം കണ്ടു. ഭാവനയുടെ പ്രതിഫലനമാണ് കവിതയെങ്കിൽ അതിൽ രസത്തിനു സർവ്വോപരിയായ പ്രാധാന്യമുണ്ട്. ഇവിടെയാണ് സന്മാർഗ്ഗത്തിനു സ്ഥാനമുണ്ടോ എന്ന പ്രശ്നം ഉദയംചെയ്യുന്നതു്. കവിതാലക്ഷണം മുഴുവനും രസത്തിൽ കേന്ദ്രീകരിച്ചിരിക്കുകയാണെന്നുള്ള വിചാരം തെല്ലൊരു പ്രമാദത്തിനു കാരണമായിത്തീരുന്നുണ്ട്. സുകുമാരകലയിൽപ്പെട്ട സാഹിത്യത്തിൽ രസസംവിധാനം ഇതരകലകളിലേക്കാൾ തുലോം സ്വാഭാവികമാണ്. "Must move, and must please" (ഉള്ളിളക്കണം, ഉള്ളിനിണങ്ങണം) ഇതായിരിക്കും സാക്ഷാത് കവിതയുടെ ഉദ്ദേശ്യം.

ഏതൊരു സാഹിത്യത്തിലും രസത്തിനു സ്ഥാനമുണ്ടെന്നുള്ളതു് അവിതർക്കിതംതന്നെ. എന്നാൽ രസത്തിൽനിന്നുള്ള ആനന്ദാനുഭൂതി മാത്രമാണ് കവിതയുടെ ഉദ്ദേശ്യം; അതേ, 'കല കലക്കുവേണ്ടി' മാത്രം എന്നു വാദിക്കുന്നതു് സാഹസമായിരിക്കും: കാരണം, സമുദായനേതൃത്വം വഹിക്കുന്ന കവികൾക്കു് ഈ 'രസപ്രയോഗം' വിട്ടു് വേറെ ചിലതും പ്രവർത്തിക്കുവാനുണ്ട്. സത്യത്തിന്റെയും, നീതിയുടെയും, സന്മാർഗ്ഗത്തിന്റെയും സൗരഭ്യത്തിൽ അടിമത്തത്തിലാണ്ട ലോകത്തെ ഉണർത്തി, ഭീരുക്കളെ രണവീരരും ലോകസേവകന്മാരുമാക്കുവാനുള്ള കഴിവു് അവർക്കുണ്ട്. കാലത്തിനൊപ്പിച്ചുള്ള പുരോഗതി ഏതു കർമ്മത്തിലും അവശ്യമാണ്. പരിഷ്കാരവും, പുരോഗതിയും ഉച്ചത്തിലെത്തിയ ഇരുപതാം നൂറാണ്ടിൽ സാഹിത്യപ്രണയികൾ രാജ്യത്തിന്റെ നന്മയ്ക്കും, സംസ്കാരത്തിന്റെ ഉയർച്ചയ്ക്കുംവേണ്ടിയുള്ള സംരംഭങ്ങളിൽ സജീവമായി, സമർത്ഥമായി പങ്കെടുക്കേണ്ടതാണ്.

'കാമമോഹിതരായ ക്രൗഞ്ചപക്ഷികളിൽ ഒന്നിനെ വധിച്ച നിഷാദനെറ്റപേരിൽ' കോപംപൂണ്ട ആദികവിയായ വാല്മീകി, കദനഭാരംനിറഞ്ഞ ഹൃദയത്തോടേ രചിച്ച രാമായണം, ഭാരതസംസ്കാരത്തിന്റെ പ്രഫുല്ലതാരമായി പ്രശോഭിക്കുന്നു. സന്മാർഗ്ഗതത്വമുപദേശിച്ചുകൊണ്ട് സമാരംഭിക്കുന്ന രാമായണം—പതിവ്രതകൾക്ക് ഉത്തമമാതൃകയായി വിലസുന്ന സീതയും, പൈതൃകാജ്ഞ പാലിക്കുവാൻ 'കിരീടവും ചെങ്കോലും വെടിഞ്ഞു' ജടാവല്ക്കലങ്ങളണിഞ്ഞു ദീർഘകാലം വനവാസം വരിക്കുന്ന ശ്രീരാമനും, സത്യത്തിനുവേണ്ടി ദേഹോപ്പണത്തിനൊരുങ്ങുന്ന ദിലീപനും, അപ്രതിരോധ്യമായ സൗഹാർദ്ദബന്ധം പുലർത്തുന്ന ഭൗതലക്ഷ്മണന്മാരും ചിരംജീവിക്കുന്ന രാമായണം—സാഹിത്യത്തിൽ സത്യത്തിനും, സന്മാർഗ്ഗത്തിനും ഉള്ള നിലയും വിലയും യഥാവിധി വ്യക്തമാക്കുന്നു. ഇതുപോലെ മഹാഭാരതത്തിലും: ചതിപ്രയോഗത്താൽ രാജ്യവും രാജകീയസുഖങ്ങളും വെടിഞ്ഞു അരണ്യവാസം അനുഭവിക്കുന്ന ധർമ്മപുത്രാദികളുടെ ചിത്രം സത്യധർമ്മാദികളുടെ സമാദരണീയതയെ പ്രമുഖീകരിക്കുന്നു.

സാഹിത്യകാരൻ ഒരു സമുദായജീവിയായിരിക്കുന്നിടത്തോളംകാലം, കാലപ്രവാഹത്തിനൊരുമിച്ചു നീന്താതെ തരമില്ല; കവി ജീവിതത്തിന്റെ സൂക്ഷ്മദർശിയായാൽമാത്രംപോരാ, സംസ്കാരത്തിന്റെ സാക്ഷാത്കാരവും, ഭാവനയുടെ കേളീരംഗവും, കാലത്തിന്റെ നിയാമകനുംകൂടിആവണം. "കവി അയാൾ ജീവിക്കുന്ന കാലത്തിന്റെയും പരിതഃസ്ഥിതികളുടെയും സന്തതിയാണെന്നു" റെറയിൻ (Tain) എന്ന പണ്ഡിതൻ അഭിപ്രായപ്പെട്ടിരിക്കുന്നു. യാതനനിറഞ്ഞ ചുറ്റുപാടുകളെ അത്യാർത്തിയോടേ വീക്ഷിക്കുമ്പോൾ, അപകടഹേതുവായ അധഃപതനത്തിൽനിന്നു രാജ്യത്തെയും സമുദായത്തെയും സംരക്ഷിക്കേണ്ട ചുമതല, സത്യത്തിന്റെയും സന്മാർഗ്ഗത്തിന്റെയും മണിമുറ്റത്തിൽ നില്ക്കുന്ന ഭാവനാസമ്പന്നനായ കവി നിർവ്വഹിക്കേണ്ടിയിരിക്കുന്നു. ചുറ്റുപാടും കാണുന്ന വൈരൂപ്യങ്ങളെ അശ്ലീലഭാഷ്യത്തിൽ പ്രകടിപ്പിക്കാതെ തന്റെ പ്രശസ്തതയേറിയ പ്രതിഭാവിശേഷത്താൽ ഭാവനയിൽ ഉടച്ചുവാർത്തു പ്രത്യക്ഷപ്പെടുത്തണം. 'കരുണ'യിൽ കുമാരനാശാനും, 'മഗ്ദലനമറിയ'ത്തിൽ വള്ളത്തോളും ഏതാണ്ടു ഈ തത്വത്തെ മുൻനിറുത്തിട്ടുള്ളതു് സന്മാർഗ്ഗപ്രേരകമാണെന്നുള്ളതിനു സംശയമില്ല.

ഏതുകാലത്തു ജീവിച്ച കലാകാരന്മാരും തങ്ങളുടെ അനുഗൃഹീത കലാസമ്പത്തു രാജ്യക്ഷേമത്തിനായി വിനിയോഗിച്ചിട്ടുണ്ടു്. 'വീരാത്മാക്കളുടെ തുലികയാണു് ഓരോ രാജ്യത്തിന്റെയും ചരിത്രം ശോഭനമാക്കിത്തീർക്കുവാൻ സഹായിച്ചിട്ടുള്ളതു്'. ടർക്കിയിലെ പരിവർത്തനവും, റഷ്യയിലെയും ഫ്രാൻസിലെയും വിപ്ലവങ്ങളും ഈ വാസ്തവത്തെ വെളിപ്പെടുത്തുകയും ചെയ്യുന്നു. സാഹിത്യത്തിൽ സന്മാർഗ്ഗത്തിനുള്ള സ്ഥാനം ഇതിൽനിന്നു് ഏറെക്കുറെ വെളിവാകുന്നു. ടാഗോറിന്റെ ഗീതാഞ്ജലിയും വള്ളത്തോളിന്റെ ഗാനങ്ങളും വിലമതിക്കപ്പെടുന്നു എങ്കിൽ, ഇതിന്റെ എല്ലാം അടിയിൽ അനവദ്യമായ ഒരുനിധി നിക്ഷിപ്തമായിട്ടുണ്ടെന്നുള്ളതു് അവിതർക്കിതമാണു്. അതു യുക്തിയുടെയും സത്യത്തിന്റെയും സമീചീനമായ സംയോഗമല്ലാതെ യാതൊന്നുമല്ലതാനും.

മിൽറ്റനും ഹോമറും, കാളിദാസനും, ഷേയ്ക്സ്പീയറും, എല്ലാം ഈ വീക്ഷണകോടിയിൽ നിന്നു നോക്കുമ്പോൾ എന്നും അനശ്വരന്മാരാണു്. ആദർശത്തിലും ആശയത്തിലും അവർ യോജിച്ചു കാണുന്നു. റെറനിസ്സന്റെ "In Memoriam" എന്നതിലെ,

"That men may rise on stepping stones
Of their dead selves to higher things"

എന്നു തുടങ്ങുന്ന പദാവലികളുടെ ആശയംതന്നെ,

"നരൻ ക്രമാൽ തന്റെ ശവം ചവുട്ടി,
പ്പോവുന്നോരീപ്പോക്കുയരത്തിലേക്കോ".

എന്ന സംശയരൂപത്തിൽ നാലാപ്പാടൻ കണ്ണുനീർത്തുള്ളി'യിൽ പ്രകടമാക്കുന്നു. വീണ്ടും മിൽറ്റൺ (Milton) തന്റെ 'Paradise Lost' എന്ന ഗ്രന്ഥത്തിൽ,

"The mind is its own place and in itself
Can make a heaven of hell; a hell of heaven".

എന്നു കല്പിക്കുന്നതു ശ്രീഹർഷന്റെ 'നൈഷധ'ത്തിലെ

"ദ്വൈതൗ കാചിദഥവാസ്തിനിരുദ്ധാ
സൈവ സാ ചലതി യത്ര ഹി ചിത്തം"

എന്നതിനോടു് അവഗാഢമായി ബന്ധിച്ചിരിക്കുന്നു.

ഇങ്ങനെ വിഭിന്നകാലീനരും വ്യത്യസ്തദേശീയരുമായ കവികളുടെ കൃതികളിൽപോലും, ഏതാദൃശമായ ഐകരൂപ്യം കാണുന്നതിൽനിന്നു സാഹിത്യത്തിൽ സന്മാർഗ്ഗത്തിനുള്ള സ്ഥാനം സുഷ്ഠുമാകുന്നുണ്ടു്.

"തകർന്നജീവിതം"

M. I. VARKEY PILLA, III U. C.

അറബിക്കടലിൽനിന്ന് ആഞ്ഞടിക്കുന്ന ശീതള വായുവേറ്റുകൊണ്ട് കാക്കൂർമലയുടെ പടിഞ്ഞാറെ ചെരുവിൽകൂടി ഞാൻ അങ്ങനെ മെല്ലെ നടക്കുകയായിരുന്നു. ആ മലയോരം അന്നും ഇന്നും വിജനമാണ്. ഭയങ്കര കടിയന്മാരുടെ കേന്ദ്രമാണെന്നു് അപ്പോൾമാത്രം ഓർമ്മിച്ചു ഞാൻ തലയുയർത്തി ചുറ്റുംനോക്കി. ദീനമായ ഒരു രോദനത്തിന്റെ പൊട്ടിപ്പൊടിഞ്ഞ ചില ശബ്ദങ്ങൾ എന്റെ കർണ്ണരന്ധ്രങ്ങളെ ഭേദിച്ചു. തിരിഞ്ഞുനോക്കിയപ്പോൾ വഴിയരികെ ശിലാസ്ഥിതനായ ഒരു കോമളയുവാവു് കദനഭാരത്തോടുകൂടി കുനിഞ്ഞിരുന്ന നെടുവീർപ്പിട്ടിരുന്നതു കണ്ടു.

മെല്ലെനടന്ന ഞാൻ ആ പ്രണിതഹൃദയന്റെ അടുക്കൽചെന്ന സോൽക്കണ്ഠം ചോദിച്ചു. "നിങ്ങൾ ആരാണ്." ഉത്തരമില്ല. ചോദ്യം വീണ്ടും ആവർത്തിച്ചു. "സ്നേഹിത, നിങ്ങൾ എന്താ ഒന്നും ഉരിയാടാത്തതു്? ഞാൻ അക്രമിയോ കൊലപാതകിയോ ഒന്നും അല്ല. എന്നെ നിങ്ങളുടെ ഒരു ഉത്തമസ്നേഹിതനായി ഗണിച്ചു് നിങ്ങളുടെ ദുഃഖകാരണം എന്നെ അറിയിക്കാൻ ദയയുണ്ടാകുമോ?" "ഒരു തകർന്ജീവിതം," നമ്രമുഖനായിയാൾ പറഞ്ഞു.

"നിങ്ങളുടെ സങ്കടകാരണമെന്തെന്നു തുറന്നു പറയുക. എന്തെങ്കിലും എന്നെക്കൊണ്ടു ചെയ്യാൻ സാധിച്ചെങ്കിലോ....."

"ഹോ! നിങ്ങളേക്കൊണ്ടോ? ഇനി അതു കഴികയില്ല. എന്റെ ചരിത്രം അറിയുന്നതുതന്നെ മഹാപാപം. ഞാൻ ഇവിടെ ഇരുന്നുകൊള്ളട്ടെ." എന്നു വിഷണ്ണനായി അയാൾ പറഞ്ഞു. കയ്യിലുണ്ടായിരുന്ന പുസ്തകവും കക്ഷത്തിലടക്കി ഞാൻ ആ യുവാവിന്റെ തോളിൽപിടിച്ചു വലത്തുകൈകൊണ്ടു് അധോഗതമായ മുഖത്തെ പതുക്കെ പിടിച്ചുയർത്തി സൂക്ഷിച്ചുനോക്കി, വീണ്ടും ചോദിച്ചു. "സ്നേഹിത! പറയൂ, സംശയിക്കാതെ." എന്നെ അദ്ദേഹം ഒന്നു സൂക്ഷിച്ചുനോക്കി. എന്തോ മനസ്സിലായിട്ടെന്നപോലെ പറഞ്ഞു. "പറയാം. പക്ഷേ..... പ്രയോജനമെന്തു?"

ഞാൻ ഉൽക്കണ്ഠാകുലനായി വീണ്ടും വീണ്ടും ചോദിച്ചു. ഒടുവിൽ നെടുവീർപ്പോടും ഇറ്റിറ്റു വീഴുന്ന അശ്രുകണങ്ങളോടുംകൂടി അയാൾ തന്റെ ഹൃദയാന്തർഭാഗത്തുനിന്നു ചില കൺതോൾചുവക്കെന്നവണ്ണം ചിലതു് എടുത്തു പുറത്തിട്ടു. തുടിക്കുന്ന ഹൃദയം, ഇടറുന്ന തൊണ്ട, വരളുന്ന അധരം, വിളറിയമുഖം—ഇവയെ ജയിച്ചു ബഹിർഗ്ഗമിച്ച കുറെ ശബ്ദങ്ങൾ അവിടെ കേൾക്കായി. ഞാൻ ശ്രദ്ധിച്ചുകേട്ടു.

"സ്നേഹിത! സ്ത്രീയാണു് എന്റെ ദുഃഖകാരണം. എന്റെ ഇളയപ്പന്റെ വീട്ടിൽവച്ചു് ഒരു കല്യാണദിവസം ആദ്യമായി കണ്ടുമുട്ടിയ ആ സൗന്ദര്യധാമം—ഭൂമിയിലവതരിയായിരുന്ന അവർക്കു മറ്റു് ആഭരണം എന്തിനു്? പുഞ്ചിരിപ്പൂനിലാവും പകർന്നുള്ള അവളുടെ എടുപ്പും നടപ്പും.....ഇവ എല്ലാം ഞാൻ സൂക്ഷിച്ചു. എന്റെ മനസ്സിൽ ഏതോ ഒരിളക്കം. എന്തിനധികം! അവളുടെ ഇതരവിവരങ്ങൾ അറിയുവാൻ അന്തരംഗം പ്രേരിപ്പിച്ചു. ഞാൻ ആരാഞ്ഞു. പാലപ്പിള്ളി സ്വദേശിനി, നാമധേയം മങ്കച്ചി, രണ്ടാംഫാറംവരെ പഠിച്ചു, മാതാപിതാക്കന്മാരും ഒരു ഇളയ സഹോദരനുമുണ്ട്..... ഇത്രയും വിശ്വാസയോഗ്യമായ വിവരങ്ങൾ ലഭിച്ചു." ഒരു നെടുവീർപ്പിനുശേഷം തുടർന്നു: "ഞാൻ അന്നു സ്കൂൾഫൈനൽ ക്ലാസ്സിൽ പഠിച്ചുകൊണ്ടിരിക്കയായിരുന്നു. ഏറെത്താമസിയാതെ ഞാൻ മങ്കച്ചിയുടെ വീട്ടുവരെ രഹസ്യമായി ഒന്നുപോയി. അതാണ് എനിക്ക് ഏറ്റവും മണ്ടത്തരം പറ്റിയതു്. പ്രവർത്തനത്തിനനുസരണം പ്രതിപ്രവർത്തനവും കൂടെയുണ്ടെന്നു് എനിക്കു പൂർണ്ണമായി ബോദ്ധ്യപ്പെട്ടു. ഞാൻ അവർക്കു വാക്കുംകൊടുത്തു."

ഇതു പറഞ്ഞതും ചിറപൊട്ടിയതുപോലെ നയനങ്ങളിൽനിന്നു് അശ്രുകണങ്ങൾ ഒഴുകിപ്പുറപ്പെട്ടു് നിലത്തുതടഞ്ഞതും ഒപ്പംകഴിഞ്ഞു. വസ്ത്രാഗ്രത്താൽ കണ്ണിലെവെള്ളം ഒപ്പിയെടുത്തു ദീർഘനിശ്വാസത്തിക്കൊണ്ടു് അയാൾ പറഞ്ഞു: എന്റെ അമ്മാച്ചൻ ഇതു് എങ്ങനെയൊ അറിഞ്ഞു. പക്ഷെ, കാഞ്ഞിരക്കുരുവും മരുന്നിനു സൂക്ഷിക്കുന്നതുപോലെ അദ്ദേഹം ഈ വസ്തുതയെല്ലാം ഹൃദയഭിത്തിക്കുള്ളിൽ ഭദ്രമായി സൂക്ഷിച്ചു. മങ്കച്ചിയുടെ പിതാവു് വിവാഹാലോചനയുമായി വീട്ടിൽവന്നു. (ഈ വിവരത്തിനെല്ലാം ഞാൻ യഥാകാലം ചരട മുറുക്കിക്കൊണ്ടുതന്നെയിരുന്നു. അഞ്ചലിലും തപാലിലും കത്തുകളും അങ്ങോട്ടും ഇങ്ങോട്ടും അയച്ചുകൊണ്ടിരുന്നു.) അമ്മാച്ചൻ അലറി! പല്ലുകടിച്ചു!! മുഖം ചുവപ്പിച്ചു!!!

ഒരു വിധത്തിൽ ഞാൻ അക്കൊല്ലത്തെ പരീ

ക്ഷയിൽ ജയിച്ചു. വീട്ടിൽ ദിവസങ്ങൾ കഴിച്ചുകൂട്ടുന്നതിനു് വലിയൊരു വിഷമംതോന്നി. പയ്യെ ബാങ്കളൂർക്കു കടന്നു. അവിടെ ഒരു ജോലിയിൽ പതിനാറുമാസം ചെലവാക്കി. ശമ്പളത്തിലൊരുഭാഗം അയച്ചുകൊടുത്തു ഞാൻ അനുജയെ തുടർന്നു പഠിപ്പിച്ചു. എഴുത്തുകൾ അയയ്ക്കാനുള്ള ലക്കോട്ടുകൾപോലും എന്റെ കൈയക്ഷരത്തിൽത്തന്നെ എന്റെ മേൽവിലാസം എഴുതി അയച്ചുകൊടുത്തു. ചില്ലറ വാക്കുകളും, ചുരുക്കം ചില ശൈലികളും ചേർത്തു് ഇടത്തോട്ടു് ചെരിച്ചു് വേണ്ടവിധത്തിൽ കത്തുകൾ ചമച്ചു് ഒടുവിൽ വളരെ പ്രയാസപ്പെട്ടു് ഇംഗ്ലീഷിൽത്തന്നെയൊരുപ്പുമിട്ടു് അവൾ അയക്കുന്ന കത്തുകൾ ജീവനായിരുന്നു. അങ്ങനെ ഞങ്ങളിൽ മുളച്ച പ്രേമവല്ലരി തഴച്ചുവളർന്നു. രണ്ടുപേരുംചേർന്നു അതിനു മുറ്റും ഒരു തറയും കെട്ടിപ്പൊക്കി.”

“എന്നിട്ടു് നിങ്ങളുടെ വിവാഹത്തിനു വിഘ്നം വന്നുവോ?” ഞാൻ ഉൽക്കണ്ഠാപൂർവ്വം ചോദിച്ചു.

അയാൾ തുടർന്നു: “പ്രിയ സ്നേഹിത! നികൃഷ്ടമായ സാമുദായികാചാരം—അതേ, സ്ത്രീധനം—അതു ഞങ്ങളുടെ നടുവിൽ പുഴു തീർത്തു. പണ്ടു് അവർ വലിയ കുടുംബക്കാരായിരുന്നു. പക്ഷേ, ചില കേസുമൂലം ഇപ്പോൾ അവരുടെ കുടുംബസ്വത്തു ക്ഷയിച്ചിരുന്നു. മാതൃഹൃദയം ഈ ബന്ധത്തിനു് മങ്കുച്ചിക്കു കൂടുതൽ സഹായകമായിരുന്നു. പക്ഷേ എന്തു പ്രയോജനം? എന്തിനധികം! മങ്കുച്ചിക്കു വേറെ കല്യാണം ഉറപ്പുമെന്ന ഘട്ടമായി. വിവരം മങ്കുച്ചി ബാങ്കളൂർക്കു് എഴുതി അയച്ചു. ‘അയ്യോ! അതുപാടില്ല. കുറേക്കൂടി ക്ഷമയോടെ കാത്തിരിക്കുക,’ എന്നു് എന്റെ പ്രിയ മങ്കുച്ചിക്കും അവളുടെ പിതാവിനും ഞാൻ എഴുതി. പക്ഷേ, നിഷ്ഠുരനും നികൃഷ്ടനുമായ ആ പിതാവു് മങ്കുച്ചിയുടെ വിവാഹം നിശ്ചയിച്ചു.

ഉദ്യോഗം രാജികൊടുത്തു. ബാക്കി ശമ്പളവും ക്ഷാമബത്തയുംവാങ്ങി ഹോട്ടൽക്കടം തീർത്തു് കഷ്ടിച്ചു വീട്ടിലേക്കുള്ള വണ്ടിക്കൂലിക്കും വഴിച്ചിലവിനും തികഞ്ഞു. കണ്ണിനു സുഖമില്ലാത്തതുകൊണ്ടു് ജോലിയിൽനിന്നു ദീർഘകാലത്തേക്കു് ‘അസാധാരണ അവധി’യെടുത്തിരിക്കയാണെന്നു പറഞ്ഞുപരത്തി. വീണ്ടും പഠിത്തം തുടർന്നു.”

“ഇപ്പോൾ പഠിക്കുന്നുണ്ടോ? എവിടെ?” ഞാൻ ചോദിച്ചു.

“എറണാകുളത്തു് ഒരു കോളജിൽ— ബി. എ. യ്ക്കു്.”

“അതു് ഏതായാലും നന്നായി. ശരി, അപ്പോൾ വിവാഹാനന്തരം നിങ്ങൾതമ്മിൽ കാണാനിടയായിട്ടുണ്ടോ?”

“മൂന്നു കൊല്ലത്തിനുശേഷം, അടുത്തദിവസം ഒരിക്കൽ യദൃച്ഛയാ വഴിയിൽവച്ചു്—അതേ മൂവാറുപുഴവച്ചു്—കണ്ടു. ഏതാണ്ടു് ഒരു മണിക്കൂർ സംസാരിച്ചു. എന്റെ ജീവിതത്തെ ഒരു മരുപ്രായമാക്കിയ വാർത്ത ഞാൻ പറഞ്ഞറിയിച്ചു. ‘ക്ഷമിക്കണം. ഇച്ഛാച്ഛന്റെ നിർബന്ധംമൂലം ശതൃന്തരമില്ലാതെ ചെയ്തുപോയതാണു്’ എന്നിത്യാദി ഒരു പശ്ചാത്താപവും മോചനയാചനയും അവൾ കഴിച്ചു. ഞാൻ ഇതികർത്തവ്യതാമൂഢനായി. അധികം സംസാരിക്കാൻ ഹൃദയം ആവശ്യപ്പെട്ടുവെങ്കിലും നാവു പൊങ്ങിയില്ല. വളരെ പ്രയാസപ്പെട്ടു് ഒടുവിൽ എന്റെ ഒരു ഉദ്ദേശപഥത്തെ അവളോടറിയിച്ചു. ഇടിവെട്ടേറ്റതുപോലെ അവൾ ഞെട്ടുന്നതും ആലില പോലെ വിറയ്ക്കുന്നതും ഞാൻ സൂക്ഷിച്ചു. ഒടുവിൽ, അത്യഗാധമായ ഒരു കടാക്ഷവും കൈമാറംചെയ്തു ഞങ്ങൾ യാത്രപറഞ്ഞു.”

“ആകട്ടെ. കഴിഞ്ഞതെല്ലാം മറന്നുകളയുക. ഉത്സാഹത്തോടുകൂടി പഠിച്ചു ബി. എ. പാസാകാൻ ശ്രമിക്കുക, വന്നതുവന്നു, അതു വന്നവഴിക്കു വിട്ടേക്കുക. കോളജിൽ താമസവുംമറ്റും സുഖംതന്നെയല്ലേ? ഇപ്പോൾ എന്താ അവധിയാ?” എന്നിങ്ങനെ നാനാവിധ സംഭാഷണങ്ങളാൽ ഞാൻ അയാളുടെ ശ്രദ്ധയെ പലവഴിക്കു തിരിച്ചു.

“അതേ, ഇപ്പോൾ പൂജാവധിയാണു്. പക്ഷേ ആകാര്യം ഓർക്കുമ്പോൾ മനസ്സു പുണ്ണാകുന്നു.” സ്വല്പം സ്വരമയത്തി അയാൾതുടർന്നു:

“യാതൊരാളുടെ സമാഗമനത്തിനായി ഞാൻ ഇതുവരെ കാത്തിരുന്നുവോ, ആ പുണ്യവിഗ്രഹം എന്റേതായിത്തീരുന്നതുവരെ ഞാൻ ക്ഷമയോടെ കാത്തിരിക്കും. എന്റെ ആശാവല്ലരി പുഷ്പിച്ചു കാണുവാൻ എത്ര വസന്തമെങ്കിലും ക്ഷമിച്ചിരിക്കുവാൻ ഞാൻ തയ്യാറാണു്.”

“മതി. നമുക്കു എഴുന്നേൽക്കാം. നേരം നന്നേ വൈകിയല്ലോ” എന്നു പറഞ്ഞു ഞാൻ അയാളുടെ കൈയ്യുപിടിച്ചു് എഴുന്നേൽപ്പിച്ചു് പലതും പറഞ്ഞു സാന്ത്വനപ്പെടുത്തി. ഒരു ഓലച്ചൂട്ടും കത്തിച്ചു ഞാൻ എന്റെ വീട്ടിൽ വന്നപ്പോഴേക്കും മണി പത്തു കഴിഞ്ഞിരുന്നു.

അന്നത്തെ സായാഹ്നം

P. P. KRISHNAN KUNJI, II U. C.

മനോഹരമായ മാധവമാസത്തിലെ സുന്ദരമായ ഒരു സന്ധ്യാസമയമായിരുന്നു അതു്. നക്ഷത്രങ്ങൾ തിങ്ങി ആകാശം ഒരു പരവതാനി പോലെ കാണപ്പെട്ടു. ദിനബന്ധു സാഗരഗർത്തത്തിൽ ആണ്ടുപോയെങ്കിലും പശ്ചിമദിഗംഗനയുടെ ലലാടതലത്തിലെ ചെങ്കുറി മാഞ്ഞുപോയിട്ടില്ല. കായലിൽക്കൂടി അതിമോഹനമായി ഓടിപ്പോകുന്ന കൊച്ചുതോണികൾ, ക്ഷീണമാരുതന്റെ മന്ദപ്രവാഹം, ആകാശത്തിലെ അനന്തകോടി നക്ഷത്രങ്ങളുടെ പുഞ്ചിരി—ഈവിധമുള്ള പ്രകൃതിവിലാസങ്ങളിൽ പഞ്ചേന്ദ്രിയങ്ങളും മയങ്ങി ഞാൻ ആ കായൽത്തീരത്തുകൂടി പോകുകയായിരുന്നു.

കാർമേഘപടലങ്ങൾതിങ്ങി അന്തരീക്ഷം പെട്ടെന്നു് ക്ഷുബ്ധമായി. മിന്നലും ഇടിയും മത്സരബുദ്ധ്യാ ഗാംഭീര്യത്തോടുകൂടി പ്രവർത്തനം തുടങ്ങി. കായൽ പൂവ്വുംധികം ഇളകി. മഴശക്തിയായി പെയ്യുവാനും തുടങ്ങി. കൂടയില്ലാതെ അന്ധകാരാവൃതമായ ആ കായലോരത്തു് ഏകനായിനിന്നു് ഞാൻ ചുറ്റുംനോക്കി. അപ്പോൾ അധികദൂരത്തല്ലാതെ ഒരു മങ്ങിയ വെളിച്ചം എന്റെ ദൃഷ്ടിക്കു ലക്ഷീഭവിച്ചു. ഞാൻ ആ വെളിച്ചത്തേക്കു് സാവധാനം നടന്നു.

ആ വെളിച്ചം ഒരു ചെറുകുടിലിൽനിന്നുള്ളതായിരുന്നു. അന്ധകാരമായതിനാൽ അതിന്റെ ആകൃതിയെ നിന്നുമനസ്സിലാക്കാൻ സാധിച്ചില്ല. വിളക്കിനു സമീപത്തു് പ്രകൃത്യാ സുന്ദരിയെങ്കിലും അലസയായി ഒരു യുവതിയിരിക്കുന്നുണ്ടു്. അവളുടെ ക്ഷീണിച്ചമുഖത്തെ ഒരു കയ്യുകൊണ്ടു് താങ്ങിയിട്ടുണ്ടു്. അപരിചിതനായ എന്നെ കണ്ടമാത്രയിൽ അവൾ ലജ്ജിച്ചു് എഴുന്നേറ്റുനിന്നു. അവൾ എന്നോടു് ഇരിക്കുവാൻ പറഞ്ഞു. സാമാന്യം നനഞ്ഞിരുന്നതിനാൽ ഞാൻ ഇരുന്നില്ല. അവൾ ഒരു തിണ്ണയിൽ ചാരിനിന്നു.

പ്രഥമദർശനത്തിൽത്തന്നെ അവൾ കുലീനയും വിദ്യാസമ്പന്നയുമായ ഒരു യുവതിയാണെന്നു് എനിക്കു മനസ്സിലായി. അവൾക്കും എന്നെപ്പറ്റി ചിലതൂഹിക്കുവാൻ സാധിച്ചു. അവൾ ചോദിച്ചു:

"സോദരാ, ഈ അസമയത്തു് ഏകാകിയായി ഇങ്ങോട്ടു വരുവാൻ കാരണമെന്തു്?"

"ഞാൻ വൈകുന്നേരം നടക്കാൻ ഇറങ്ങിയതാണു്. കൂടയെടുക്കാഞ്ഞതിനാൽ ക്ഷുബ്ധമായ പ്രകൃതി എന്നെ ഇങ്ങോട്ടാനയിച്ചു." ഞാൻ മറുപടി പറഞ്ഞു.

"സോദരന്റെ സ്വദേശവും മറ്റും....." അവൾ തുടർന്നു.

ഞാൻ മറുപടി പറഞ്ഞു:

"സോദരീ! ഞാൻ ഈ ദേശക്കാരനല്ല. എന്നെപ്പോലെയുള്ള അനേകം യുവാക്കന്മാരുടെ ഉപരിപഠനത്തിനു് ഹേതുഭൂതമായി നിങ്ങളുടെ സമീപത്തുള്ള ആ കലാലയത്തിലെ ഒരു വിദ്യാർത്ഥിയാണു് ഞാൻ."

കലാലയവിദ്യാർത്ഥി—അതെ—ആ വാക്കു് അവളിൽ ചില വികാരങ്ങളെ ഉളവാക്കിച്ചു. അവൾ ഒന്നു ഞെട്ടി. ദീർഘനിശ്വാസത്തോടുകൂടി അവൾ തുടർന്നു:

"സോദര! അവിടത്തെക്കണ്ടതു് വളരെ ഉപകാരമായി. ഹൃദയം തിങ്ങിവിങ്ങുന്ന വ്യഥയിൽ മുങ്ങി ഞാൻ ശ്വാസംമുട്ടുകയാണു്. അവിടത്തേക്കു് എന്റെ ഹൃദയവ്യഥയുടെ ഹേതു അറിയുവാൻ ആഗ്രഹമുണ്ടായിരിക്കും.....?"

യുവതിയുടെ ഹൃദയവ്യഥാഹേതു അറിയുന്നതിനു് എനിക്കാഗ്രഹമുണ്ടായിരുന്നില്ലെങ്കിലും തല്ക്കാലപരിതഃസ്ഥിതി അതുകേൾക്കുന്നതിനെന്നെ നിർബ്ബന്ധിച്ചു. ഞാൻ മറുപടിപറഞ്ഞു: "വിരോധമില്ല." അവൾ തുടർന്നു.

"സമ്പന്നരായ എന്റെ മാതാപിതാക്കന്മാർ ഉപരിവിദ്യാഭ്യാസത്തിനെന്നെ മദ്രാസിലേക്കയച്ചു. കലാലയജീവിതം എന്റേയും ജീവിതത്തിലെ സുവർണ്ണകാലമായിരുന്നു. ഞാൻ കൂട്ടുകാരൊന്നിച്ചു് സുഖമായി ജീവിച്ചു. കാലക്രമത്തിൽ പഠിത്തക്കാര്യത്തിൽ തീരെ താല്പര്യമില്ലാതെയായി. തൽഫലമായി ബി. എ. പാസാകുന്നതിനു് തുടരെ ചില സെപ്റ്റംബർ കാണേണ്ടതായും വന്നു."

ഇത്രയും പറഞ്ഞു് അവൾ മൗനിയായിരുന്നു. അവളുടെ നിശ്ചലത മൗനഭഞ്ജനത്തിനെന്നെ പ്രേരിപ്പിച്ചു. "സെപ്റ്റംബർ കണ്ടതാണോ ശോകഹേതു?" ഞാൻ ചോദിച്ചു.

"അല്ല" അവൾ ശാന്തഗംഭീരസ്വരത്തിൽ പറഞ്ഞു. "കലാലയഹോസ്റ്റലുകളിലെ കനത്ത ഭിത്തിക്കുള്ളിലുള്ള ജീവിതം കാലക്രമത്തിൽ എനിക്കു ഉത്സാഹമായിതോന്നി. അതിനാൽ എന്റെ ചിന്തകളും ചിറകുവച്ചു് ലൗകികജീവിതാന്തരീ

ക്ഷത്തിൽകൂടി ചരിക്കുവാൻ തുടങ്ങി. ഹോസ്റ്റലിൽ ലഘുലേഖകൾ വിതരണം ചെയ്യുന്നതിന് വരാറുള്ള ഒരു യുവാവുമായി ഞാൻ പ്രേമബന്ധത്തിൽ ഏർപ്പെട്ടു. പരിതഃസ്ഥിതി എത്രതന്നെ വിപരീതമായിരുന്നിട്ടും നിർമ്മലമായ ഞങ്ങളുടെ പ്രേമം തഴച്ചുവളർന്നുകൊണ്ടിരുന്നു. ദരിദ്രനും അവർണ്ണനും ആയിരുന്നെങ്കിലും പ്രകൃത്യാ കോമളനായ ഈ യുവാവ് എന്റെ നാട്ടുകാരനാണെന്ന് പിന്നീടെനിക്കു മനസ്സിലായി. അതിനാൽ മദ്ധ്യവേനലവധിക്ക് കോളേജടച്ചപ്പോൾ ഞങ്ങൾ ഒരുമിച്ച് സ്വദേശത്തേക്കു തിരിച്ചു. സ്വദേശത്തു വന്നതിനുശേഷവും ഞങ്ങളുടെ പ്രേമം 'ലേഖനം'വഴി വളർന്നുകൊണ്ടിരുന്നു. എന്നാൽ....."

ഇങ്ങനെ അല്പോക്തിയിൽ അവസാനിപ്പിച്ചിട്ട് അവൾ പൊട്ടിക്കരഞ്ഞു. അവളുടെ ഈ അവസ്ഥ എന്നെ ഇതികർത്തവ്യതാമൂഢനാക്കി. ഞാൻ തറയിൽ ദൃഷ്ടിപതിപ്പിച്ചുകൊണ്ട് അങ്ങനെ ഇരുന്നു. അല്പസമയത്തിനുള്ളിൽ പൂർവ്വാധികം ഗാംഭീര്യത്തോടുകൂടി അവൾ തുടർന്നു:

".....ഞങ്ങളുടെ പ്രേമത്തിനുമുകളിൽ ഒരു കാർമേഘം പരന്നു. എന്റെ അച്ഛൻ ഉൽകൃഷ്ടവസ്തുനിയനായ ഒരു മുതലാളിയെ വിവാഹം ചെയ്തുകൊടുക്കുന്നതിനു തീരുമാനിച്ചു. ഇരുപതാംവയസ്സിന്റെ ഈ സമ്മർദ്ദഘട്ടത്തിലും ഉപരിവിദ്യാഭ്യാസവും സംസ്കാരവും ഉള്ള ഒരു യുവതിയെ നിരക്ഷരകുക്ഷിയും അംഗഹീനനുമായ ഒരു മനുഷ്യന് ജാതിശ്രേഷ്ഠതാലാക്കാക്കി ദാനം ചെയ്യുവാൻ മുതിർന്ന അച്ഛനമ്മമാരുടെ അജ്ഞതയേയും അന്ധവിശ്വാസത്തേയും ഞാൻ ശക്തിയായി പ്രതിഷേധിച്ചു. പക്ഷേ അതൊരരണ്യരോദനമായിരുന്നു. വിവാഹദിവസത്തിനുമുമ്പ് ഞാൻ എന്റെ കാമുകനൊന്നിച്ചു അഭ്യുദയത്തിന്റെ വസതിയിലേക്കു പോയി."

ദിവസങ്ങളും മാസങ്ങളും അനവധികഴിഞ്ഞു. ഞങ്ങൾ ആത്മസംതൃപ്തിയോടുകൂടി ജീവിച്ചുവന്നു. അധികതാമസമെന്യേ അച്ഛനമ്മമാർ ഞങ്ങളുടെ സൗഭാഗ്യഭഞ്ജനത്തിനു സന്നദ്ധരായി. എത്രശ്രമിച്ചിട്ടും എന്നെ അവരുടെ അടുക്കലേക്ക് കൊണ്ടുപോകുവാൻ സാധിച്ചില്ല. അതിനാൽ എന്റെ കാമുകനെ എന്നിൽനിന്നകറ്റുന്നതിനു തീരുമാനിച്ചു. എന്റെ കാമുകന്റെപേരിൽ അവർ പല കുറ്റങ്ങളും ആരോപിച്ചു—അഭ്യുദയം 'രാജദ്രോഹിയാണ്'; രാജ്യദ്രോഹിയാണ്; ദൈവദ്രോഹിയാണ്; കമ്മ്യൂണിസ്റ്റ്കാരനാണ്'—പോരെങ്കിൽ അഭ്യുദയത്തിന്റെ മുത്തച്ഛൻ ഒരു തിരുവിതാംകൂർകാരനായിരുന്നുപോലും! ഈ ജാതി കള്ളക്കഥകൾമൂലം ആ ശുദ്ധഹൃദയത്തെ അധികാരികൾ അറസ്റ്റ്ചെയ്ത് തടങ്കലിലേക്കു കൊണ്ടുപോയി.

ഇത്രയും പറഞ്ഞ് അവൾ വിങ്ങിവിങ്ങി കരഞ്ഞു. അനുകമ്പയാൽ എന്റെ ഹൃദയവും ആർദ്രമായി. സാരിത്തുമ്പിനാൽ കണ്ണുനീർ തുടച്ചുകൊണ്ട് അവൾ തുടർന്നു:

"മാനവസമുദായത്തിന്റെ മഹനീയതയെയോർത്തു—മഹത്വശത്രോ മനുഷ്യന്റെ പൈശാചികമായ കൊടുംകൈകൾ! മനുഷ്യസമുദായത്തിന്റെ ഐക്യത്തേയും സാഹോദര്യത്തേയും പററി പ്രസംഗപീഡങ്ങളിൽ നിന്നുള്ള പീരങ്കി പ്രയോഗങ്ങൾ പലപ്പോഴും ഞാൻ കേട്ടിട്ടുണ്ട്. അപ്പോൾ ശോഭനമായ ഒരു ഭാവിയെപ്പററി ഞാൻ സ്വപ്നംകണ്ടിട്ടുമുണ്ട്. എന്റെ പിതാവിനെപ്പോലെയുള്ള ഇന്നത്തെ, "ദേശീയതപം" പ്രസംഗിക്കുന്നവർ നാളത്തെ നേതാക്കന്മാരായി വേഷം മാറുന്നപക്ഷം ഭാവിജനതയ്ക്കുണ്ടാകാവുന്ന ദുരിതഫലങ്ങളെപ്പററി ചിന്തിച്ച് എന്റെ ഹൃദയം വെമ്പൽകൊള്ളുന്നു. സഹോദര, ഞാൻ തത്വം പ്രസംഗിക്കുന്നില്ല. ഞാൻ എന്റെ ഹൃദയവല്ലഭന്റെ ഛായാപടം പൂജിച്ച് അദ്ദേഹത്തിന്റെ കിഴവിയായ അമ്മയെയാണിച്ച് ഇങ്ങനെ ജീവിക്കുകയാണ്."

"അമ്മ" യെന്നുള്ള ശബ്ദം അവളിൽനിന്നു പുറപ്പെട്ടപ്പോൾത്തന്നെ വയോവൃദ്ധയായ ഒരു സ്ത്രീ എന്റെമുമ്പിൽ പ്രത്യക്ഷപ്പെട്ടു. അവർ സ്നേഹാദരപുരസ്സരം അടുത്തുവന്ന് എന്നെ ആശ്ലേഷിച്ച് ചുടുബാഷ്പങ്ങൾ ഒഴുക്കിക്കൊണ്ട് "മകനെ" എന്നു വിളിച്ചു! അമ്മയെന്ന ശബ്ദം കേട്ട് വന്ന വൃദ്ധ, എന്നെക്കണ്ടപ്പോൾ ജയിലിൽനിന്നു വന്ന അവരുടെ മകനാണെന്നു തെറിദ്ധരിച്ചാണ് ഇപ്രകാരമുള്ള സ്നേഹചുംബനങ്ങൾ അർപ്പിച്ചതു്. യാഥാർത്ഥ്യം അറിഞ്ഞുപ്പോൾ വൃദ്ധ പൊട്ടിക്കരഞ്ഞുപോയി. ഈ അവസ്ഥ എന്റെ ഹൃദയത്തെ ഗുരുതരമായി ചലിപ്പിച്ചു. അധികസമയം ഈ കാഴ്ച കാണുന്നതിന് എന്റെ ഹൃദയത്തിന് ശക്തിയുണ്ടായില്ല. അവരോടനുകമ്പ പ്രദർശിപ്പിച്ചശേഷം ഞാൻ ആ കുടിലിനോടു യാത്രപറഞ്ഞു.

ചിറകുവച്ച ചിന്താഗതിയോടെ ആളിക്കത്തുന്ന അസ്വസ്ഥതയോടെ പ്രശാന്തമായിത്തീർന്ന പ്രകൃതിയിൽക്കൂടി ഞാൻ സാവധാനം നടന്നു.

അ രാത്രിയിലെ നാടകം

K. A. Balakrishnan, I U. C.

അവിടമെങ്ങും നിശ്ശബ്ദതയുടെ കൂത്തരങ്ങായി പരിണമിച്ചു. രണ്ടുമൂന്നു നക്ഷത്രങ്ങൾ അങ്ങിങ്ങായി മിന്നിത്തിളങ്ങിയിരുന്നു. മന്ദമാരുതൻ ലതകളിൽ മർമ്മരസ്വനം ഉളവാക്കി വിശ്വത്തെ മെല്ലെമെല്ലെതലോടി. ഇങ്ങനെയുള്ള അർദ്ധരാത്രിയിൽപോലും ഒരുവൻമാത്രം ഏറണാകുളത്തെ ഒരിടുങ്ങിയ വഴിയിൽകൂടി പ്രയാണംചെയ്തിരുന്നു. അവന്റെ ദേഹം കീറിയതും, ദുർഗ്ഗന്ധം വമിച്ചിരുന്നതുമായ വസ്ത്രങ്ങളാൽ ആവൃതമായിരുന്നു. അവൻ ഉടുത്തിരുന്ന വസ്ത്രം മുട്ടോളം പാറിപ്പറന്നിരുന്നു. ജരാനരകളാൽ അവന്റെ മുഖവും തലയും വികൃതമായിരുന്നു.

ഇടറുന്ന കാൽവെപ്പോടും, പൊരിയുന്ന ഉദരത്തോടും, ഒരു വാരിക്ഷണത്തിന്റെമാത്രം സഹായത്താൽ അവൻ അതിലെ പോയിരുന്നു. എവിടേക്കോ, എന്തിനോ താൻ പോകുന്നതെന്ന് തീരെ നിശ്ചയമില്ലാത്തതുപോലെയായിരുന്നു അവന്റെ പോക്ക്. കൂത്തുമൂത്തുള്ള കല്ലിന്മേൽ ചവുട്ടുമ്പോൾ, ആ സാധു ഒരോ ദീർഘനിശ്വാസങ്ങൾ അന്ധകാരത്തിലേക്ക് അയച്ചിരുന്നു. ഇടയ്ക്കിടയ്ക്ക് അത്യധികമായ കിതപ്പിനാൽ ആ വടിയിൽ താടികൊള്ളിച്ച് അല്പനിമിഷം നില്ക്കും. വീണ്ടും പണ്ടേപ്പോലെ മിഴികൾ നാലുഭാഗത്തേയ്ക്കും നയിച്ചു നടന്നുതുടങ്ങും.

"ജഗദീശ്വര! അല്പം ആഹാരം കിട്ടിയിരുന്നെങ്കിൽ"—ഒട്ടിയ വയററിൽ തടവിക്കൊണ്ട് കരാളമായ ആകാശത്തിലേക്ക് അവന്റെ ചോദ്യംവിട്ടു. എന്നാൽ, ആരുണ്ട് അവിടെ അവന്റെ പ്രാർത്ഥന കേൾക്കുവാൻ? അഥവാ, അവന്റെ പ്രാർത്ഥന കേട്ട് ആരുണ്ട് അവന്ന് അല്പം ഭക്ഷണംകൊടുക്കുവാൻ? ആരും ഇല്ല! എല്ലാവരും സുഖനിദ്രയിലായിരുന്നു! ഇടുങ്ങിയ വഴിയും, അംബരചുംബികളായ സൌധങ്ങളും, നിശാചിനിയുടെ നൃത്തരംഗമായിരുന്ന വാനവും മാത്രമേ അവന്റെ പ്രാർത്ഥന കേൾക്കുവാൻ അവിടെയുണ്ടായിരുന്നുള്ളൂ. ഹാ! സാധുക്കളിൽ അനുകമ്പയുള്ള ജഗന്നിയന്താവുപോലും കഠിനചിത്തനായിപ്പോയോ? അഥവാ, മനുഷ്യന്ന് ലോകത്തിൽ ഒരുത്തമ നിദാനമായിട്ടായിരിക്കാം ദൈവം അവനെ സൃഷ്ടിച്ചതു്.

നിർഭാഗ്യയായ ഭാരതമാതാവേ! നീ ഇതെല്ലാംകണ്ടു കരഞ്ഞു കരഞ്ഞു് കാലംകഴിക്കാതെ നിവൃത്തിയെന്തു്? ശോഭനങ്ങളായ നഗരങ്ങളും, ഐശ്വര്യദേവതയുടെ ഇരിപ്പിടമായ പച്ചപ്പരവതാനി വിരിച്ച ഗ്രാമങ്ങളും നിന്നിൽ സ്ഥിതിചെയ്യുന്നുണ്ട്. ആയിരക്കണക്കിന്നു് മുതലാളികളും ജന്മികളും നിന്റെ സന്താനങ്ങളിലുണ്ട്. എന്നാൽ, മാതാവേ! നിന്റെ പാരതന്ത്ര്യച്ചങ്ങല അറുക്കണമെങ്കിൽ—ലോകസമക്ഷം നിന്റെ തല ഉയർത്തി ലസിക്കണമെങ്കിൽ—പട്ടിണിപ്പാവങ്ങളായി ആരും കാണാതെ മുക്കിലും മൂലയിലും കഴിച്ചുകൂട്ടുന്ന സാധുലക്ഷങ്ങൾ ഉയരാതേ നിവൃത്തിയില്ല.

വിശ്വവിഹാരത്തെ കണ്ടുകൊണ്ടിരിക്കുന്ന വെള്ളിനക്ഷത്രങ്ങളെ! നിങ്ങൾ സാധുക്കളുടെ ദയനീയസ്ഥിതികണ്ട് മന്ദഹസിക്കുകയാണോ? എന്നാൽ, മുതലാളികളുടെ ആട്ടും തുപ്പും ലോകസമക്ഷം അനുഭവിച്ചിട്ടുള്ള സാധുക്കൾക്ക് ഇതു് അത്ര വലിയ കാര്യമൊന്നുമല്ല.

അതാ ഒരു മങ്ങിയവെളിച്ചം! ആവൂ! ആ വൃദ്ധൻ ആവേശത്തോടേ അങ്ങോട്ട് അവന്റെ ക്ഷീണിച്ച ചരണങ്ങളെ നയിച്ചു. ഒരു ജനാലപ്പഴുതിലൂടെയായിരുന്നു ആ വെളിച്ചം പുറത്തേക്കു വന്നിരുന്നതു്. അവിടെയെങ്ങും നവനവങ്ങളായ ഭക്ഷണപദാർത്ഥങ്ങളുടെ ഗന്ധം പരന്നിരുന്നു. അതു നൽകുന്ന ആ മണം സാധുവായ പിച്ചക്കാരന്റെ നാഡിയിലും വന്നലച്ചു. ആവേശത്തോടും, അത്യാർത്തിയോടും, ആ വടിയിൽ ബലം പ്രയോഗിച്ച് ജനാലപ്പഴുതിലൂടെ അവൻ ഉറ്റുനോക്കി.

അവന്റെ നയനങ്ങൾ അവനേ വഞ്ചിക്കയാണോ? അല്ല, അതു പച്ചപ്പരമാർത്ഥമായിരുന്നു. ഒരു മേശപ്പുറത്തു് പാശ്ചാത്യരീതിയിലുള്ള ഭക്ഷണം, പല പാത്രങ്ങളിലായി പാകംചെയ്തു വെച്ചിരിക്കുന്നു! അവൻ ആ പഴുതിലൂടെ അവന്റെ തല കടത്തുവാൻ ഉറ്റു പരിശ്രമിച്ചു തുടങ്ങി. പാവം! അവനെന്തറിഞ്ഞു? കേവലം പ്രാണികൾക്കുപോലും ദുർഗ്രഹമായിരുന്ന ആ ദ്വാരത്തിൽകൂടി അവന്നു കടക്കാമെന്നോ?

മഞ്ഞിന്റെ ശക്തിയാൽ അവന്റെ ദേഹം മരവിച്ചിരുന്നു. അവന്റെ മിഴികൾ മറിഞ്ഞുകൊണ്ടിരുന്നു. ഇല്ലാ, ആ ജനാല തന്നത്താനെ ഒഴിഞ്ഞുകൊടുക്കുന്നതുപോലെ അവനുതോന്നി. ആ ഭക്ഷണപദാർത്ഥങ്ങൾ ഓരോന്ന ജീവനുള്ളതുപോലെ പാത്രങ്ങളിൽനിന്നു ചാടിത്തുടങ്ങി. അവയെല്ലാം ചെറു പുഞ്ചിരിയോടെ അവന്റെ അടു

ത്തേക്ക് വന്നുതുടങ്ങി! അവൻ ആത്തിയോടെ അതെല്ലാം വാരിത്തിന്നു! അവൻ സന്തുഷ്ടനായി! മാനസിക ഭോജനം അവനേ ആനന്ദസുഷുപ്തിയിൽ കൂളിപ്പിച്ചു. അതേ, എന്നെന്നേയ്ക്കും അഭംഗമായ ആനന്ദത്തിൽ അവൻ ലയിച്ചു. ഇനി ഒരിക്കലും ആ നെടുമോഹനിദ്രവിട്ട് അവൻ ഉണരുകയില്ല!!!

ബാലാക്കൻ ഉടിച്ചു് ശീതളകരങ്ങളാൽ ആ വൃദ്ധപിച്ചക്കാരന്റെ മൃതശരീരത്തെ മെല്ലെമെല്ലെ തലോടി. പ്രകൃതി അവനെ നോക്കിയിരിക്കുന്നുണ്ടായിരുന്നു.

പലരും പലവിധത്തിലും അവന്റെ മരണത്തെപ്പറ്റി അഭിപ്രായങ്ങൾ പ്രകടിപ്പിച്ചു. അന്ധകാരമേ! നീതന്നെ ഇതിനെല്ലാം സാക്ഷി. എത്രയെത്ര ജീവികളെയാണ് നീ ഈ വിധത്തിൽ വിഴുങ്ങിയിട്ടുള്ളതു്! ഇനിയെത്രയെണ്ണത്തിനെയാണ് വിഴുങ്ങാനിരിക്കുന്നതു്! നിശ്ചലലോകമേ നിന്റെ രക്തദാഹം ഇനിയും തീർന്നിട്ടില്ലേ? വൽക്ക പ്രമാണികളേ! നിങ്ങളെ ഇനി ഒരിക്കലും ആ പട്ടിണിക്കോലം ഉപദ്രവിക്കയില്ല.

നേരമ്പോക്കു്

P. V. Thomas, II U. C.

ഒരു പാന്ഥൻ—"നിങ്ങൾ എന്താണ് ഈ ഇരുട്ടിൽ തപ്പിനോക്കിക്കൊണ്ടിരിക്കുന്നതു്?"

മറെറയാൾ—"എന്റെ കയ്യിൽനിന്നു് ഒരു നാണയം ഇവിടെ വീണുപോയി."

പാന്ഥൻ—"കൊള്ളാം! ഈ ഇരുട്ടിൽ നോക്കിയിട്ട് എങ്ങനെ കിട്ടാനാണു്? ആ വെളിച്ചമുള്ളിടത്തേക്കു മാറിനോക്കു."

* * *

ഒരു പാതിരായ്ക്ക് ഫെഡ്കാൺസ്റ്റെബിൾ രാമൻപിള്ളയുടെ വീട്ടിൽ കള്ളൻ കയറി. നാണിക്കുട്ടി ഭർത്താവിനെ ഉറക്കത്തിൽനിന്നു തട്ടിഉണർത്തി. ഉറക്കം ഉണർന്ന രാമൻപിള്ള—"ഉം. എനിക്കു നാലുദിവസത്തെ അവധിയെയുള്ളൂ. ആ വേലുവന്നു പിടിയ്ക്കട്ടെ. അവനാണു ചാർജ്ജ്."

* * *

ഇൻസ്പെക്ടർ പാറാവുകാരനോടു്—"ഈ അഴികളും പൂട്ടുമെല്ലാം ഭദ്രമായിരിക്കുന്നില്ലെ?"

പാറാവുകാരൻ—ഉവ്വു്, യജമാനനെ. പക്ഷെ ഒരാഴ്ചകഴിയുംമുമ്പു് ഈ ഇരുമ്പഴികൾ മാറിഭിത്തിയാക്കണം."

ഇൻസ്പെക്ടർ—"ഉം. എന്തു്?"

പാറാവുകാരൻ ചൂണ്ടിക്കാണിച്ചുകൊണ്ടു്—"ഇയാൾ വന്നിട്ടു നാലുദിവസമെ ആയിട്ടുള്ളൂ. ഇപ്പോൾതന്നെ ഇത്ര ക്ഷീണമുണ്ടു്. ആ സ്ഥിതിക്കു് ഒരാഴ്ചകൂടെ കഴിഞ്ഞാൽ ഈ അഴികളൂടെ അടുപ്പം മതിയാകയില്ല."

* * *

ലോയിഡ് ജോർജ്ജിനോടു് ഒരു എം. പി.—"അങ്ങയുടെ അഛൻ ഒരു കഴുതവണ്ടിക്കാരനായിരുന്ന കഥ അങ്ങു മറന്നുപോയോ?"

ലോയിഡ് ജോർജ്ജ്—"ഓ! ശരി. ഞാൻ ആ വണ്ടിയുടെകാര്യം ഓർക്കുന്നില്ല. എന്നാൽ ആ കഴുതയെ ഇപ്പോൾ ഇതാ എന്റെ മുമ്പിൽ കാണുന്നു."

* * *

ഗാന്ധിജിയെ സ്റ്റേഷനിൽ കാത്തുനിന്ന ഒരു മാന്യൻ—അവിടുന്നെന്താണീ മൂന്നാംക്ലാസ്സിൽ സഞ്ചരിക്കുന്നതു്?"

ഗാന്ധിജി—"ഒന്നുമല്ല; നാലാം ക്ലാസ്സില്ലാഞ്ഞതുകൊണ്ടുമാത്രം."

ഉദ്യോഗസ്ഥഭർത്താവു്

K. J. JOSEPH, IV B. Com.

അന്നപ്പെണ്ണും സാറാമ്മയും ചിരമറിയം തോട്ടിൽ അലക്കിയാഴ്ചയും കളിക്കുവാൻ വന്നു. ആഴ്ചയിൽ ഒരു പ്രാവശ്യമേ ഇങ്ങനെ ഒരു സമ്മേളനം നടക്കുകയുള്ളൂ. അവർക്കു് പലതും പറവാനുണ്ടു്. അന്യോന്യം പല സംശയങ്ങളും തീർക്കുവാനുണ്ടു്. ഇരുവരേയും ബാധിക്കുന്ന പല പ്രശ്നങ്ങൾക്കും ഉത്തരം കണ്ടുപിടിക്കുവാനുമുണ്ടു്. ഇന്നിപ്പോൾ അവരെ ബാധിച്ചിരിക്കുന്ന പ്രധാന പ്രശ്നം ജീവിതയാത്രയ്ക്കു് ഓരോ പങ്കാളിയെ കണ്ടുപിടിക്കുകയെന്നുള്ളതാണു്.

സാറാമ്മ ചോദിക്കുകയാണു്, "അന്നപ്പെണ്ണേ, ഇന്നലെ നിന്റെ വീട്ടിൽ ആരാണു വന്നതു്?"

അന്നപ്പെണ്ണു ലജ്ജ നടിച്ചുകൊണ്ടു് പറകയാണു്: "സാറാമ്മേ, ഇന്നാളു പറഞ്ഞവർ ഇന്നലെ വന്നു. പുള്ളിക്കാരൻ ഏഴാംക്ലാസുവരെ പഠിച്ചിട്ടുണ്ടു്. കുറേ നിലവും പുരയിടങ്ങളും ഉണ്ടു്. അതുകൊണ്ടു നല്ലകാലമാണെന്നാണു പറഞ്ഞുകേട്ടതു്."

സാറാമ്മ—"അതേ! അതേ!! ഈ കാളക്കാരെ ആരു വിവാഹം കഴിക്കും. ഗ്രാമജീവിതംതന്നെ ഒരു ഒരിതമാണു്. ആയിരംകൂട്ടം ജോലിനോക്കണം. പത്തുവിന്റെ പുറകേ പോകണം, വേലക്കാർക്കു ഭക്ഷണം തയ്യാറാക്കണം, അമ്മായിഅപ്പനു് എണ്ണ, കുഴമ്പു്, ലേഹ്യം, എന്നുവേണ്ടാ, ഒരു നിമിഷവും വിശ്രമം ഉണ്ടാവുകയില്ല. എന്റെ അന്നപ്പെണ്ണേ, ഒരു സാറായാലും മതി—ഒരു ഉദ്യോഗസ്ഥനെ കല്യാണം കഴിക്കുന്നതു് ഒരു ഭാഗ്യമാണു്."

അന്നപ്പെണ്ണു് ഒരു ദീർഘശ്വാസംവിട്ടു. കാരണം, അവളുടെ വിവാഹം നിശ്ചയിച്ചുകഴിഞ്ഞു!

* * *

അന്നപ്പെണ്ണിന്റെ വിവാഹം അങ്ങനെ നടന്നു. എങ്കിലും ഭർത്താവു് ഉദ്യോഗസ്ഥനല്ലായിരുന്നു എന്നതു് ഒരു കുറവായി അവൾക്കുതോന്നി. അവളുടെ ഭർത്താവു് ഒരു കർഷകനാണു്, എന്തുചെയ്യാം. അതു വിധിയാണെന്നു് അവൾ സമാധാനപ്പെട്ടു. സാറാമ്മയുടെ വാക്കുകൾ ഒരു പ്രവചനംപോലെ അവൾക്കു് അനുഭവപ്പെട്ടു. അതേ, ഒരു നിമിഷംപോലും വിശ്രമമില്ല.

* * *

സാറാമ്മയും ഒരു സ്ത്രീയാണു്. അവൾക്കും ഒരു വിവാഹം ആവശ്യമാണു്. അവളുടെ അപ്പന്റെയും ആഗ്രഹം അവളെ ഒരു ഉദ്യോഗസ്ഥനു വിവാഹംകഴിച്ചുകൊടുക്കണമെന്നായിരുന്നു. ദീർഘകാലത്തെ ആലോചനയുടെ ഫലമായി പരസ്പര സഹായസംഘം ഇൻസ്പെക്ടർ മിസ്റ്റർ ഫിലിപ്പിനെ അവളുടെ വരനായി തിരഞ്ഞെടുക്കുകയും ചെയ്തു. താമസംവിനാ മകളുടെ വിവാഹം നടന്നു. വിവാഹാനന്തരം മിസ്റ്റർ ഫിലിപ്പു് തന്റെ ജോലിസ്ഥലത്തു് ഒരു ചെറിയ കെട്ടിടം വാടകയ്ക്കെടുത്തു താമസം തുടങ്ങി. ആ ചെറുഭവനത്തിൽ അനാഢ്യത്വങ്ങൾ ഇല്ല, ദുരിതങ്ങൾ ഇല്ല, ജോലിത്തിരക്കും ഇല്ല. പത്തുക്കളെ അന്വേഷിക്കേണ്ടാ, വേലക്കാർക്കു ഭക്ഷണം തയ്യാറാക്കേണ്ടാ, ഒരു കിഴവനും എണ്ണ അന്വേഷിക്കയും വേണ്ടാ.

* * *

കൊല്ലങ്ങൾ കുറേ കഴിഞ്ഞു. സാറാമ്മ ഇന്നു നാലു കുട്ടികളുടെ മാതാവാണു്. കുട്ടികളിൽ രണ്ടുപേർ ഇംഗ്ലിഷ് സ്കൂളിൽ പഠിക്കുന്നു. അവർ ഭർത്താവിനോടും കുട്ടികളോടുംകൂടി ഒരു അവധിക്കാലത്തു തന്റെ പിതാവിന്റെ വീട്ടിലേയ്ക്കുപോയി. അവിടത്തെ താമസത്തിനിടയ്ക്കു പഴയ സഖി, അന്നപ്പെണ്ണിനെ ഒരിക്കൽ കണ്ടു. സാറാമ്മയുടെ പ്രവചനങ്ങൾ അന്നപ്പെണ്ണിനെ വല്ലാതെ അലട്ടി സാറാമ്മയുടെ ഭാഗ്യാതിരേകത്തിൽ അവൾ അസൂയകൊണ്ടു. അവളുടെ ഭർത്താവും ഒരു ഉദ്യോഗസ്ഥനായിരുന്നുവെങ്കിൽ അവൾക്കും സിൽക്കുസാരി ധരിച്ചു നടക്കാമായിരുന്നു. അവളുടെ കുട്ടികൾക്കും പൗഡർ പൂശുവാൻ സാധിക്കുമായിരുന്നു. പക്ഷേ ഭർത്താവു് ഒരു കർഷകനാണു്. എന്നാലും അവൾ സമാശ്വസിച്ചു.

* * *

ഈ സമയത്താണു രണ്ടാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടതു്. അതിന്റെ അനിഷ്ടഫലങ്ങൾ നമ്മുടെ നാട്ടിലും പ്രത്യക്ഷപ്പെട്ടു തുടങ്ങി. പണത്തിന്റെ വില ദൈനംദിനം കുറഞ്ഞുകൊണ്ടും, സാധനങ്ങളുടെ വില കുതിച്ചുകയറിക്കൊണ്ടുമിരുന്നു. ഭക്ഷണസാധനങ്ങൾക്കു ദൗർലഭ്യം നേരിട്ടു. നാടാകെ "കരിംചന്ത" നടമാടി. ഗവൺമെൻറ് ഭക്ഷണസാധനങ്ങൾക്കു റേഷൻ ഏർപ്പെടുത്തി. പക്ഷേ അതു ജനങ്ങളുടെ ഭക്ഷണക്ഷാമത്തെ സാരമായി ലഘൂകരിച്ചില്ല. ഗവൺമെൻറ് ഉദ്യോഗസ്ഥന്മാർ ഒരു യുദ്ധകാല അലവൻസ് ഗവൺമെൻറിൽനിന്നു ഏർപ്പെടുത്തുന്ന ദിവസത്തെ അക്ഷമയോടുകൂടി പ്രതീക്ഷിച്ചുകൊണ്ടിരുന്നു. യുദ്ധം തുടങ്ങി ഒരുകൊല്ലം കഴിഞ്ഞപ്പോൾ ഉദ്യോ

ഗസ്ഥന്മാരുടെ ശമ്പളം പത്തുശതമാനം വർദ്ധിപ്പിച്ചു. പക്ഷേ സാധനങ്ങളുടെ വില എട്ടു പത്തിരട്ടി വർദ്ധിച്ചിരിക്കേ ഈ ശമ്പളവർദ്ധനവു് ഉദ്യോഗസ്ഥന്മാരുടെ ദുരിതത്തെ എങ്ങനെ ലഘൂകരിക്കും. മിസ്റ്റർ ഫിലിപ്പും ഒരു ഉദ്യോഗസ്ഥനാണു്. ഭക്ഷണസാധനങ്ങൾക്കു കരിഞ്ചന്തയെ ആശ്രയിക്കണം. വീട്ടുവാടക ക്രമാതീതമായി വർദ്ധിച്ചു. ആവശ്യങ്ങൾ ദൈനംദിനം വർദ്ധിച്ചുകൊണ്ടുമിരുന്നു. "കുനിന്മേൽ കുരു" എന്നപൊലെ ഈ സമയത്തു് ഒരു സ്ഥലംമാറ്റവും വന്നുകൂടി. ഫിലിപ്പ് വല്ലാതെ കുഴഞ്ഞു. സാധു എന്തുചെയ്യും. അദ്ദേഹം ഒരു മാർഗ്ഗം കണ്ടുപിടിച്ചു. സാറാമ്മയേയും കുട്ടികളേയും അവളുടെ അപ്പന്റെ വിട്ടിലേയ്ക്കയയ്ക്കുവാൻ അദ്ദേഹം തീരുമാനിച്ചു. അല്ലാതെ ഗത്യന്തരവും ഇല്ല.

* * *

അന്നപ്പെണ്ണിനെ ഈ യുദ്ധം എങ്ങനെ ബാധിച്ചു എന്നു നോക്കാം. അവളുടെ ഭർത്താവു് ഒരു കർഷകനാണു്. സ്വന്തമായി കുറെനിലം ഉണ്ടു്. കുറേ പാട്ടകൃഷിയും ഉണ്ടു്. ഒരിടീലിനു പത്തഞ്ഞൂറു നാളികേരം കിട്ടാനുണ്ടു്. അവൾ ഒരു തനി ഗ്രാമീണ ഗൃഹനായികയാണു്. ഇന്നും ഒരു നിമിഷം പോലും വിശ്രമമില്ല. പക്ഷേ, അതു്, ഒരു ദുരിതമായി അവൾ കണക്കാക്കിയുമില്ല. അവൾക്കു് ഒരു കോഴിപ്പുറം ഉണ്ടു്. അവ അവളുടെ കയ്യിൽനിന്നു നെല്ലു ലഭിക്കുവാൻ കാത്തുനില്ക്കും. താറാവുകൾ അവളുടെ ശബ്ദംകേൾക്കുന്ന ഭാഗത്തേയ്ക്കു നോക്കി ശബ്ദിക്കും. കുറവപ്പട്ടി അവളെ അമറിവിളിക്കും. അവൾ അതിനെ തലോടണം. അവൾക്കു ഒരു വെണ്ടത്തോട്ടം ഉണ്ടു്. വെണ്ടയ്ക്കു രാവിലെ വെള്ളം ഒഴിക്കണം. ചീരയുടെ തടത്തിൽ വളമിടണം. അവൾ, അവ ഓരോന്നിനും ഒരു മാതാവാണു്. അവ അവളുടെ ഓമനക്കുട്ടികളാണു്.

അവളുടെ വീട്ടിൽ ദുരിതങ്ങൾ ഇല്ല. അതു് സുഭിക്ഷതയുടെയും സമാധാനത്തിന്റെയും വിളനിലമായിരുന്നു.

* * *

അന്നപ്പെണ്ണിനു സമയമില്ല. എങ്കിലും കുട്ടികളെ കുളിപ്പിക്കണം. അവൾ ചീരമറ്റം തോട്ടിൽ വന്നു. അവിടെ അവളുടെ പഴയസഖി സാറാമ്മയും ഉണ്ടു്. സാറാമ്മയുടെ മുഖം ദുരിതങ്ങളെ പ്രതിബിംബിച്ചു. അന്നപ്പെണ്ണിനെ കണ്ടമാത്രയിൽ സാറാമ്മ ഒന്നു ഞെട്ടി.

അന്നപ്പെണ്ണു ചോദിച്ചു: "എന്താ, സാറാമ്മേ, എന്നു വന്നു? ഉദ്യോഗസ്ഥന്മാർക്കൊക്കെ നല്ല കാലമല്ലെ?"

സാറാമ്മ മറുപടി പറഞ്ഞു: "അതേ! അതേ!! നല്ലകാലംതന്നെ." സാറാമ്മ ഒരു ദീർഘനിശ്വാസംവിട്ടു, ഉദ്യോഗസ്ഥഭർത്താവു് വേണ്ടായിരുന്നു എന്നു് അവൾ ഏറുപറയുന്നപോലെ അന്നപ്പെണ്ണിനു തോന്നി.

ചിതറിയ ചിന്തകൾ

P. SUKUMARA KAIMAL, IV B. COM.

മണ്ണിലും വിണ്ണിലും ആഹാരം തേടിനടക്കുന്ന വേരുകളും ശാഖകളുംഉള്ള വൃക്ഷത്തിന്റെ തടി സുരക്ഷിതമായിരിക്കുന്നു.

* * *

അനന്തതയുടെ അപ്പുറത്തു നിന്നുകൊണ്ടു് കണ്ണുചിമ്മിക്കാണിച്ചുകൊണ്ടിരിക്കുന്ന ഒരു വെള്ളിനക്ഷത്രം അടർന്നു വീഴുന്നതുകണ്ടു് കവി അത്ഭുതപ്പെട്ടു. അതിന്റെ പ്രകാശം മുഴുവനും ഭൂമിയിൽ വീഴുമ്പോഴേക്കു് ഇല്ലാതായിത്തീരുന്നു.

ഹൃദയത്തിന്റെ പരിശുദ്ധിയിലാണു് ജീവിതത്തിന്റെ കളങ്കം തെളിഞ്ഞുകാണുന്നതു്. വെളുത്ത ഭിത്തിയെ കവച്ചിക്കുവാനേ കരിക്കട്ടയ്ക്കു കഴിയൂ.

* * *

സ്നേഹത്തിന്റെ അടിയൊഴുക്കിൽക്കൂടി വിരോധത്തിന്റെ തണുത്ത മണൽത്തരികൾ ഒഴുകുന്നുണ്ടാവാം. ഇരുളിന്റെ മറവിടിച്ചുകൊണ്ടു വെളിച്ചം വരുന്നതുപോലെ.

—:O:—

सब से बडा आदमी।

S. S. Rajaputhran (I. U. C.)

सच्चे आदमी दूसरों की भलाई करना अपना सब से बडा काम समझते हैं। वे किसी की झूठी तारीफ़ नहीं करते और अपनी तारीफ़ सुनकर घमंड भी नहीं करते। ऐसे ही आदमी हमारे रामचन्द्र शास्त्री थे। रात के समय भी ठंडाई में बाहर दीन-दुःखी लोगों की सेवा करने जाते थे। इसी में उनको आनन्द मिलता था। दूसरों की सेवा-सहायता करते-करते अपने घर को खाली कर चुके थे। इसपर उनकी बहन गोदावरी हमेशा नाराज़ होती थी।

* * *

एक रोज़ आधी रात के वक्त, शास्त्री घर में बैठकर कुछ पढ रहे थे। दरवाज़ा खुला था और गोदावरी सो रही थी। इस समय चंदन, एक बडा चोर, दबे पाँव अंदर घुस आया। उसके पेट में चूहे दौड रहे थे। पेट की आग बुझाने केलिये उसको कोई उपाय न सूझा। इसलिये वह आँखें लालकरके और चाकू दिखाकर डराते हुए खाना माँगने लगा। शास्त्री को उसपर दया आयी। बस, शास्त्री ने गोदावरी को जगाया और खाना मंगाया। गोदावरी ने अलमारी खोली और काँपते-काँपते खाना दिया। खाते-खाते चंदन की नज़र अलमारी में रखी हुई चाँदी की थाली पर पडी। उसने शास्त्री की आँखों में धूल झोंकना चाहा। शास्त्री ने उससे बहुत बातें कीं। उसकी करुण कहानी सुनकर शास्त्री की आँखों में आँसू भर गया। अपनी बीमार पत्नी-बच्चोंको खाना दे न सका। उनको बचाने केलिये चोरी कर के जेल गया था आखिर बाहर आकर दुःख-भोग रहा था।

* * *

खाना खाने के बाद शास्त्री के साथ-साथ वह भी लेट गया। "भाड में जाय उसकी उदारता और उपदेश" यह कहकर इस आधी रात में अलमारी से चाँदी की थाली लेकर वहाँ से चल दिया। दरवाज़े की आवज़ सुनकर गोदावरी और शास्त्री जाग पडे। पर चोर का पता न था। थाली न पाकर गोदाबरी पुलीस में जाना चाहती थी। पर शास्त्री ने कहा कि मैं उसको पकडा नहीं दूँगा। उसे मैं फिर नरक में—उसी जेल में—भेजना नहीं चाहता।

* * *

लेकिन ठीक है "होनहार होकर ही मिटती है"। अन्त में चोर पकडा गया और मैजिस्ट्रेट के सामने लाया गया। लेकिन मैजिस्ट्रेट ने मुकदमा खारिज किया क्योंकि शास्त्री ने कहा कि मैं ने यह थाली उस आदमी को भेंट दी थी। शास्त्री की उदारता देखकर अब चोर का मन बदल गया। वह थाली के रुंपये से व्यापार करने लगा और कुछ

ही दिनों में वह मशहूर 'सेठ चंदन' बन गया।

* * *

पाँच बरस के बाद चंदन ने एक थैली और वही चाँदी की थाली लेकर शास्त्री के सामने रखी और कहा "मेरा मन आप के कारण बदल गया है और मैं ने आदमी बनने का पक्का इरादा कर लिया है। इसलिये मैं आपको धन्यवाद देता हूँ"। यह कह कर वह वहाँ से चला गया।

* * *

इन्हीं शास्त्री के गुणों से चंदन का मन चोरी करने से बदल गया और वह इस दुनियाँ में एक मनुष्य की तरह रहा। ईश्वर करें, हम भी शास्त्री की तरह बनें।

* * *

शिक्षा में मातृभाषा का स्थान।

M. Gopinathan Nair (III U. C.)

ईश्वर की सृष्टियों में सब से उत्तम मनुष्यसृष्टि है। मनुष्य अपने दिल के विचार दूसरों को समझाने के लिये जिस माध्यम का उपयोग करता है उसे भाषा कहते हैं। पुराने ज़माने में जब आदमी केवल जानवरों की तरह जगलों में घूमते फिरते थे तब उनके विचार विनिमय के लिये कोई भाषा नहीं थी। तब वे हाव-भाव से और चिह्नों से अपने आशय दूसरों को समझाते थे। हाव-भाव से विचार विनिमय करना बडा मुश्किल है। इसलिये उनकी वह दशा बहुत कठिनाई की थी। तब आदमी विचार करने लगे कि कैसे इस परिस्थिति से मुक्त हों और धीरे धीरे आदमी बोलने लगे। इस प्रकार संसार में भाषा की उत्पत्ति हुई और उस से मनुष्यमात्र का भारी उपकार हुआ।

बच्चे जब जन्म लेते हैं तब बोल नहीं सकते। वे रोकर अपने आशय दूसरों को समझाते हैं और इस तरह अपना काम चलाते हैं। जब वे एक दो साल के हो जाते हैं तब वे चिह्नों से अपने आशय प्रकट करते हैं। और भी बडे होने पर जब हम बोलते हैं तब वे उस पर ध्यान देते हैं और धीरे हमारा अनुकरण करते हैं। अलावा इसके जो कुछ हम कहते हैं उसका वे रटन करते हैं। इस तरह धीरे धीरे वे बोलने लगते हैं और अपने भाव हमको समझाते हैं। लेकिन उनकी भाषा व्याकरणसम्मत और शुद्ध नहीं रहती। जब वे बडे होते हैं तब वे व्याकरण के साथ भाषा सीखते हैं और उस तरह उनकी भाषा शुद्ध और परिमार्जित होती है।

सब आदमी इस संसार में अपनी जन्मभूमी को प्यार करते हैं। चाहे कितना ही अपरिष्कृत देश हो, चाहे वह कितनी ही दीन दश में हो तो भी हमारे लिये अपना अपना जन्म देश सब से अच्छा है और सब से प्यारा है। जिस देश में हमने जन्म पाया,

जिस देश में हमने अपना आनन्दपूर्ण बाल्य-काल बिताया, जिस के अन्न-जल का हमने सेवन किया उस देश को हम अपनी जन्म-भूमी कहते हैं । हम उसे पितृभूमी नहीं कहते । माँने हमको जन्म दिया है। यद्यपि हमारे जन्म का कारण माँ और बाप दोनों हैं तो भी अधिकांश मां है। इस से हम अपनी मां को सब से अधिक प्यार करते हैं। चाहे दूसरों के लिये वह कितनी ही बुरी क्यों न हो हमारे लिये वह सब से अच्छी है। और यह बात सुविदिज है कि जब बच्चा प्रथम बार बोलता है तब वह "माँ" शब्द कहता है। यह प्राकृतिक नियम है। ज्यादातर बच्चे भाषा माँ के मूँह से सीखते हैं। हम भाषा माँ की गोद में सीखते हैं इसलिये उसको "मातृभाषा" कहते हैं । जैसे हम अपनी माँ को सब से अधिक जार करते हैं बैसे ही हमे अपनी मातृभाषा से भी प्रेम करना चाहिये, चाहे हम दूसरी भाषाओं में कितने ही बडे पंडित और ज्ञानी हों। जो आदमी अपनी मातृभाषा छोड कर अन्यभाषाओं में बोलने में ही अपना गौरव समझता हो, जो अपनि मातृभाषा में बोलना अपमान, जनक समझता हो उसका काम अवश्य निन्दनीय है।

शिक्षा का उद्देश्य है मनुष्य को भावी जीवन का विज्ञान देना, अपने इन्द्रियों के विकारों को दमन कर रखने की आवश्यकता सिखाना और सब से बढ़कर अपने नर जन्म को सफल करने का रास्ता बनाना। नर जन्म का प्रथम उद्देश्य यह है कि वह शिक्षित होकर अपना जीवन सफलता से व्यतीत करे । इस के लिये शिक्षित होना जरूरी है और इस के बिना ज़िन्दगी सफल हो नहीं सकती।

